Vol. 11 No. 3 Mission Sunday 2021

# സാദതാം

## ഫെലോഷിപ്പ്




പ്രേഷിത സഹകാരികൾക്കുള്ള പ്രസിദ്ധീകരണം

# CONTENTS

VOL. 11, NO. 3, OCTOBER 2021

Patron:
**Very Rev. Fr Antony Perumanour**

Managing Editor:
**Rev. Fr Peter Kavumpuram**

Chief Editor:
**Fr. Monse Kuruvakunnel**

Editorial board:
**Fr Justine Vettukallel**
**Fr James Kurukilamkatt**
**Sr Ancil Maria FCC**
**Mr Issac Olickal**

Design & Layout:
**Jibin Mathew**

Direct all correspondence to:
Editor
Santhome Fellowship
Deepti bhavan
Melampara-686578
Kottayam, Kerala, India

Tel. +91 4822-236353
Mob. +91 9495992501
9544183779

E-mail:
mstassociates@gmail.com
Web: www.mstworld.org/santhome-fellowship

Santhome Fellowship is a missionary periodical of the missionary society of st thomas apostle(mst) for all its friends and collaborates
(Private circulation only)

04 **ജനറാളച്ചന്റെ സന്ദേശം**
ഫാ. ആന്റണി പെരുമാനൂർ

06 **പിതാവ് മക്കളോട്**
മാർ ജേക്കബ് മനത്തോടത്ത്

07 **കൊറോണയും ചില ധാർമ്മിക വീക്ഷണങ്ങളും**
ഫാ. മനു കൊച്ചുമലയിൽ

**എന്റെ മിഷൻ അനുഭവങ്ങൾ** 15
ടോം നടുവിലേക്കുന്നേൽ

**പ്രേഷിത വഴിയിൽ** 19
സി.എൽസി ജോഖത്തിൽ

MISSION 23

**വഴിത്താര തീർക്കുന്നവർ** 26
ഫാ. സഖറിയാസ് തടത്തിൽ

# എഡിറ്റോറിയൽ

സ്നേഹമുള്ളവരെ,

ഒക്ടോബർ മാസം നമ്മ ഓർമിപ്പിക്കുന്നത് നമ്മുടെ പ്രേക്ഷിത ദൗത്യത്തെകുറിച്ചാണ്. തീർച്ചയായും നമ്മുടെ പ്രിയപ്പെട്ടവർ നമ്മെ പിരിയും മുമ്പ് പറയുന്ന ചില വാക്കുകൾ എങ്ങനെയും പൂർത്തിയാക്കാൻ നാം പരിശ്രമിക്കാറുണ്ട്, ഈശോ തന്റെ സ്വർഗ്ഗാരോഹണത്തിനു മുൻപ് ഓരോ ക്രിസ്ത്യാനിയേയും ഭരമേൽപ്പിക്കുന്ന ദൗത്യമാണ്, നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കുക എന്നുള്ളത്. അതിൽ നിന്നും ഒരു ക്രിസ്ത്യാനിക്കും ഒഴികഴിവില്ല എന്നത് നാം ഓർത്തിരിക്കണം. 2019 ഒക്ടോബർ മാസം അസാധാരണ മിഷൻ മാസം ആയി പ്രഖ്യാപിച്ചുകൊണ്ട് ഫ്രാൻസിസ് പാപ്പ സഭയെ ഉദ്ബോധിപ്പിച്ചത്, ഇങ്ങനെയായിരുന്നു, സഭാ അസാധാരണമായ രീതിയിൽ മിഷനെ മറന്നു അതുകൊണ്ടാണ് ഈ അസാധാരണ മിഷൻ മാസം ഞാൻ പ്രഖ്യാപിക്കുന്നത്. മിഷൻ എന്ന അഗ്നി സഭയുടെ ഹൃദയത്തിൽ നിക്ഷേപിക്കേണ്ട ഒന്നാണ് മാർപാപ്പ കൂട്ടിച്ചേർത്തു. പണ്ടൊക്കെ മിഷൻ എന്ന് പറഞ്ഞാൽ ക്രിസ്തുവിലേക്ക് ജനങ്ങളെ ആകർഷിക്കുക എന്നതായിരുന്നു എന്നാൽ ഇന്ന് ജനങ്ങളെ ആകർഷിക്കുന്ന മറ്റൊരു പാട് കാര്യങ്ങൾ ഈ ലോകത്തിൽ ഉണ്ട് ആയതിനാൽ ജനത്തെ ക്രിസ്തുവിലേക്ക് ആകർഷിക്കുക എന്നുള്ളത് മിഷൻ വാരാചരണത്തിന്റെ പ്രഥമമായ ഉദ്ദേശ്യം. അതുകൊണ്ട് നിങ്ങൾ ക്രിസ്തുവുമായി ജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങണം. അതാണ് നൂതന മിഷൻ. ക്രിസ്തുവുമായി നമുക്കും ഇറങ്ങാം നമ്മുടെ ചുറ്റുപാടുകളിലേക്ക് ക്രിസ്തുവിന്റെ സ്നേഹം കരുണ, ക്ഷമ മറ്റുള്ളവരിലേക്ക് പകർന്നു കൊടുക്കുമ്പോൾ നാമോരുത്തരും മിഷനറിമാരായി മാറും. ചൈതന്യം നിറഞ്ഞ, ആവേശം നിറഞ്ഞ ഒരു മിഷൻ മാസം എല്ലാവർക്കും നേർന്നുകൊണ്ട്

സ്നേഹപൂർവ്വം

**മോൻസച്ചൻ**





# ജനറാളച്ചന്റെ സന്ദേശം

മിശിഹായിൽ സ്നേഹമുള്ളവരേ,

ഫ്രാൻസീസ് മാർപാപ്പ ഈ വർഷത്തെ ആഗോളമിഷൻ ഞായർ സന്ദേശത്തിന് മുഖ്യവാചകമായി എടുത്തത് അപ്പസ്തോലപ്രവർത്തനം 4-ാം അദ്ധ്യായം 2-ാം വചനമാണ്. "എന്തെന്നാൽ ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ച് സംസാരിക്കാതിരിക്കാൻ ഞങ്ങൾക്കു സാധ്യമല്ല".

ദൈവപിതാവിൽ നിന്നു ജനിച്ചു വീണവരാണു ക്രിസ്ത്യാനികൾ. നമ്മുടെ വലിയ ഉത്തരവാദിത്വമാണ് നാം കണ്ടറിഞ്ഞ, കേട്ടറിഞ്ഞ, വായിച്ചറിഞ്ഞ അതിലെല്ലാമുപരി അനുഭവിച്ചറിഞ്ഞ ഈശോയെ മറ്റുള്ളവർക്ക് നല്കുക എന്നുള്ളത്. ഈശോ തന്നെ പറയുന്നുണ്ട്, വിളക്കുകൊളുത്തി പറയുടെ കീഴിലോ, കട്ടിലിന്റെ അടിയിലോ ആരും വയ്ക്കാറില്ല. അത് പീഠത്തിന്മേൽ ആണ് വയ്ക്കുന്നത്. ഈ ദിവ്യപ്രകാശം ജ്ഞാനസ്നാനത്തിൽ നാം സ്വീകരിച്ചു. അതു നാം സ്വീകരിച്ചിട്ടുള്ളതിനാൽ കൊടുക്കാനും ബാധ്യസ്ഥരാണ്. ഇതാണു ക്രൈസ്തവസാക്ഷ്യം (witness). ക്രിസ്ത്യാനി സാക്ഷിയാണ്. സ്വന്തം ജീവിതത്തിന്റെ പീഠത്തിൽ പ്രകാശമാകുന്ന ഈശോയെ വയ്ക്കേണ്ടവർ.

ഒരു ക്രിസ്ത്യാനി എല്ലാം കൊടുക്കുന്നവനാണ്. വെറുതെയല്ല ചിലതുകിട്ടാൻ, എന്താണത്? ഈശോമിശിഹാ അതെ യേശുക്രിസ്തു എന്ന നിധി കിട്ടാനായി സ്വന്തമായിട്ടുള്ളതെല്ലാം നഷ്ടപ്പെടുത്തുന്നവനെയാണ് ക്രിസ്ത്യാനി എന്നു വിളിക്കുന്നത്. സ്വന്തം താല്പര്യങ്ങളെ തോൽപ്പിക്കുമ്പോഴാണ് ക്രിസ്തു എന്ന നിധി കിട്ടുന്നത്.

നാം നമ്മുടെ വാക്കുകൊണ്ടും പ്രവർത്തനങ്ങൾകൊണ്ടും അതിലെല്ലാമുപരി ജീവിതസാക്ഷ്യം കൊണ്ടും ഈശോയെ നമ്മുടെ ജീവിതത്തിലൂടെ മറ്റുള്ളവർക്കു നല്കുമ്പോഴാണ് നാം യഥാർത്ഥ പ്രേഷിതരാകുന്നത്. കഴിഞ്ഞമാസം എം. എസ്.റ്റി സമൂഹം പ്രേഷിത പ്രവർത്തനം നടത്തുന്ന ഒറീസ്സാ മിഷനിലെ ഒരു ഗ്രാമത്തിൽ സന്ദർശനം നടത്തിയപ്പോൾ ഹൃദയസ്പർശിയായ ഒരു സംഭവം കണ്ടു. എം. എസ്.റ്റി യിലെ രണ്ടു കൊച്ചു മിഷനറിമാരുടെ ഇടപെടൽമൂലം സംഭവിച്ചതാണത്. രണ്ടുമക്കളും അപ്പനും അമ്മയും അടങ്ങുന്ന കുടുംബം. അപ്പൻ ഒരു സർക്കസ് കമ്പനിയിൽ ജോലി ചെയ്യുന്നു. എല്ലാവിധ ദുശ്ശീലങ്ങളുമുണ്ട്. കുടുംബത്തിൽ ഒരിക്കലും സമാധാനം കൊടുക്കില്ല. നമ്മുടെ യുവ മിഷനറിമാർ നിരന്തരം അവരുടെ ഭവനം സന്ദർശിക്കുകയും, വചനാധിഷ്ഠാനത്തിൽ പ്രാർത്ഥിക്കുകയും ചെയ്തപ്പോൾ ഈശോ ഇവരെ സന്ദർശിച്ചു. സർക്കസുകാരൻ മാനസാന്തരപ്പെട്ടു. "യേശുബാബ" യാണ് ഇതുചെയ്തത് എന്ന് ഞങ്ങളുടെ സന്ദർശനത്തിനിടയിൽ ഗദ്ഗദകണ്ഠയായി ആ ഭവനത്തിലെ കുടുംബനാഥ ഞങ്ങളോട് പറഞ്ഞു. ഈ മാറ്റമാണ് നാം അനുഭവിച്ച ഈശോയെ മറ്റുള്ളവർക്ക് നാം കൊടുക്കുമ്പോൾ സംഭവിക്കുന്നത്.

നാം എല്ലാവരും ജ്ഞാനസ്നാനം സ്വീകരിച്ച് സഭയിലെ അംഗങ്ങളായിത്തീർന്ന നിമിഷം മുതൽ ഈ വലിയ ഉത്തരവാദിത്തം നമ്മിൽ ഈശോനാഥൻ നിക്ഷേപിച്ചിരിക്കുന്നു എന്ന യാഥാർത്ഥ്യം ഉൾകൊണ്ട് നമ്മുടെ ചുറ്റുപാടിൽ വസിക്കുന്നവർക്ക് പ്രകാശമായ ഈശോയെ നല്കുവാൻ ശ്രമിക്കാം. നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ പ്രേഷിത തീക്ഷ്ണത സാന്തോം ഫെലോഷിപ്പിന്റെ എല്ലാ അനുവാചകർക്കും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

**ഫാ. ആന്റണി പെരുമാനൂർ**
**ഡയറക്ടർ ജനറൽ എം. എസ്. റ്റി**

# പിതാവ് മക്കളോട്



ഈശോയുടേതായി സുവിശേഷങ്ങൾ രേഖപ്പെടുത്തുന്ന കല്പനകൾ വിരളമാണ്. നിങ്ങൾ പരസ്പരം സ്നേഹിക്കുക എന്റെ ഓർമ്മക്കായി വിശുദ്ധ കുർബാന അനുഷ്ഠിക്കുക, ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുക' എന്നിങ്ങനെ മൂന്നു കല്പനകളേ അവിടുന്ന് അനുയായികൾക്കു നൽകിയിട്ടുള്ളൂ. ഇവയിൽ അടിസ്ഥാനപരമായതും സർവ്വ പ്രധാനവുമായ കല്പന നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുക എന്നതു തന്നെയാണ്. ആ കല്പന കർത്താവ് നല്കിയത് സ്വർഗ്ഗാരോഹണത്തിന് തൊട്ടുമുമ്പാണ്. ഏറ്റം പ്രധാനപ്പെട്ടതായി കർത്താവ് ഹൃദയത്തിൽ കരുതിയ കാര്യം അവിടുന്ന് ഏറ്റം അവസാനമായി അപ്പസ്തോലന്മാരുമായി പങ്കുവച്ചു. സുവിശേഷ പ്രഘോഷണത്തിലൂടെയാണ് സഭ ജന്മമെടുത്തത്. സുവിശേഷ പ്രഘോഷണത്തിലൂടെയാണ് സഭ പരിപോഷിപ്പിക്കപ്പെടുന്നത്. സഭ നിലനില്ക്കുന്നത് സുവിശേഷ പ്രഘോഷണം വഴിയാണ്. സുവിശേഷപ്രഘോഷണം നിലച്ചുപോയാൽ അത് സഭയുടെ നിലനില്പിനെതന്നെ അപകടത്തിലാക്കും. അതുകൊണ്ടാണ് ബെനഡിക്ട് പതിനാറാമൻ പാപ്പാ, സുവിശേഷം ജീവിക്കുന്നതിന്റെ സന്തോഷവും സുവിശേഷം പ്രഘോഷിക്കുന്നതിന്റെ ആവേശവും നമ്മൾ വീണ്ടെടുക്കേണ്ടിയിരിക്കുന്നു എന്നു നമ്മെ അനുസ്മരിപ്പിച്ചത്. തീക്ഷ്ണതയോടെ സുവിശേഷ പ്രവർത്തനം നടത്തുന്നവരാണ് എം.എസ്.റ്റി. സമൂഹാംഗങ്ങൾ. അതിന്റെ ഫലം ഉണ്ടാകുന്നുമുണ്ട്. സാർവ്വത്രികസഭ മിഷൻ ഞായർ ആചരിക്കുന്ന അവസരത്തിൽ വിശ്വാസികളുടെ പ്രേഷിത തീക്ഷ്ണത ഉജ്ജ്വലിപ്പിക്കുവാൻ അവരും സാന്തോം ഫെല്ലോഷിപ്പ് മാസികയും നടത്തുന്ന പ്രവർത്തനങ്ങൾ ഫലസമൃദ്ധമാകട്ടെയെന്ന് ആശംസിക്കുന്നു. ദൈവാനുഗ്രഹം പ്രാർത്ഥിക്കുന്നു.

**മാർ ജേക്കബ് മനത്തോടത്ത്**
**പാലക്കാട് രൂപതയുടെ മെത്രാൻ**



# കൊറോണയും ചില ധാർമ്മിക വീക്ഷണങ്ങളും



**ഫാ. മനു കൊച്ചുമലയിൽ**
(ദീപ്തി മൈനർ സെമിനാരി)

ഒരു കുറ്റവും ചെയ്യാതെ മാനസികവും ശാരീരികവുമായി തടങ്കലിൽ കഴിയേണ്ടിവരുന്ന ആളുകൾ ധാരാളമുള്ള കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. നിരപരാധികളായിരിക്കെ തന്നെ മാധ്യമവിചാരണയും പാർശ്വവത്കരണ ഭീതിയും നേരിടേണ്ടി വരുന്നു. ജോലിയും ജീവിതയാത്രകളും ബന്ധങ്ങൾ പോലും “ലോക്ഡൗൺ, സോഷ്യൽ ഡിസ്റ്റൻസ്, ജാഗ്രത” എന്നീ പദങ്ങളാൽ വരിഞ്ഞുമുറുക്കപ്പെടുന്നു. എല്ലാം മാറ്റത്തിന് വിധേയപ്പെട്ടുകൊണ്ടിരിക്കുന്നു. ഓരോ ഡോസ് വാക്സിൻ എങ്കിലും സ്വീകരിച്ചവരാണധികവും. കുറേ പേർ വൈറസിനെ പ്രതിരോധിച്ചു എന്നും മറ്റു കുറെയധികം ആളുകൾ അതിനെ മാനസികമായി പ്രതിരോധിച്ചു എന്നതിലും ആശ്വസിക്കുന്നു. എല്ലാം പഴേ പടിയാകണമെന്ന് വാശിപിടിക്കുന്ന

വർ ഇനിയും ഈ കാലഘട്ടത്തോട് അനുരൂപപ്പെടേണ്ടിയിരിക്കുന്നു. യാദൃശ്ചികമായി ഒന്നും സംഭവിക്കുന്നില്ല. എല്ലാം ദൈവാധീനമാണ് എന്നുകൂടി കാണാൻ നാം പഠിക്കണം. മറിച്ച് ശാപമായും പരാജയമായും കണ്ടവരൊക്കെ പഴിച്ചുകൊണ്ട് നിരുത്തരവാദികളായപ്പോൾ കൊറോണ മനസ്സിനെ കൂടി കാർന്നുതിന്നു തുടങ്ങി.

എല്ലാ ചുവടുവയ്പുകളും ഒന്ന് ഒന്നിൽ നിന്ന് വ്യത്യസ്തമാണ്. എത്തിപ്പിടിക്കേണ്ട ലക്ഷ്യങ്ങളാണ് നേട്ടങ്ങളാണ് ചുവടുകൾക്ക് അർത്ഥം കൊടുക്കുന്നത്. കാലത്തെയോ സാഹചര്യങ്ങളെയോ പഴിചാരിയതുകൊണ്ടായില്ല. പ്രതീക്ഷ കൈവെടിയാതെ മുന്നോട്ട് യാത്ര ചെയ്യണം. ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം പ്രതീക്ഷ ആണ് അവനെ എന്നും ഏതു സാഹചര്യത്തിലും തന്റെ ജീവിത യാത്ര കൃത്യമായി ആസൂത്രണം ചെയ്യുന്നതിനും അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിനും പിന്നീട് ചരിത്രം സൃഷ്ടിക്കുന്നതിനും കാരണമായി ഭവിക്കുന്നത്. ഒന്ന് ചിന്തിച്ചാൽ വെള്ളപ്പൊക്കത്തിലും സുനാമിയിലും നഷ്ടപ്പെട്ട നമ്മുടെ പ്രിയപ്പെട്ടവരെക്കുറിച്ചുള്ള ചിന്തകൾ പോസിറ്റീവാകുന്നത്- പ്രതീക്ഷാത്മകമാകുന്നത് ദൈവേഷ്ടമതാണ് എന്ന് വിശ്വസിക്കുന്നതുകൊണ്ടും, ദൈവത്തിന്റെ കരങ്ങളിൽ അവർ സ്വർഗ്ഗീയ ഭവനത്തിൽ സുരക്ഷിതരാണ് എന്ന പ്രത്യാശ കൊണ്ടും മാത്രമല്ലേ? ഗബ്രിയേൽ മാർസലിന്റെ വാക്കുകളിൽ, “നമ്മെ ആശ്രയിക്കാത്ത ഒന്നിലേയ്ക്കു തിരിയുന്നുതു മാത്രമാണ് പ്രതീക്ഷ”. യാഥാർത്ഥത്തിൽ, വിശ്വാസികളായ നമുക്ക് നമ്മെ ആശ്രയിക്കാത്ത ഒരാളിലേയ്ക്ക് തിരിയുന്നതല്ലേ പ്രതീക്ഷ.

**കൊറോണയും കുറെ കഷ്ടപാടുകളും**

കൊറോണ എന്ന മഹാവിപത്ത് സൃഷ്ടിച്ച കഷ്ടപ്പാടുകൾ ചില്ലറയല്ലെങ്കിലും ഈ മഹാമാരി മനുഷ്യനെ അവന്റെ യഥാർത്ഥ സ്വഭാവം വെളിപ്പെടുത്താൻ സഹായിച്ചിട്ടുണ്ട് എന്ന് പറയാതിരിക്കാൻ വയ്യ. ചില മനുഷ്യർ അവരുടെ പരിമിതികൾ തിരിച്ചറിഞ്ഞ് വിശ്വാസത്തിൽ ദൈവമക്കളെപ്പോലെ പെരുമാറിയിട്ടുണ്ട്. കഷ്ടപ്പെടുന്നവർക്ക് ജാതിമതഭേതമന്യേ താങ്ങും തണലുമായിട്ടുണ്ട്. ദേഷ്യത്തോടും നിരാശയോടും കൂടി ദൈവത്തെയും ശാസ്ത്രത്തെയും സംവിധാനങ്ങളെയും പഴിചാരി അർത്ഥശൂന്യമായ ദിനചര്യയിൽ വീണുപോയവരുമുണ്ട്.

കഷ്ടതകളുടെ മുമ്പിൽ ഒരു ശരാശരി മനുഷ്യന്റെ അനുഭവം

വളരെ നാടകീയമായ രീതിയിൽ പറഞ്ഞു വയ്ക്കുന്ന ഭാഗമാണ് പഴയ നിയമത്തിലെ ജോബിന്റെ പുസ്തകം. ഇവിടെ മനുഷ്യ യുക്തിക്കും അതീതമയായ തിന്മകളും കഷ്ടപാടുകളും ഒരു സാധാരണ മനുഷ്യന് വിശദീകരിക്കാനോ പൂർണ്ണമായി പരിഹരിക്കാനോ കഴിയില്ലെന്ന് വ്യക്തമാകുന്നുണ്ട്. പരിമിതികൾ തിരിച്ചറിഞ്ഞ് ദൈവത്തെ നേരിട്ട് ഉൾപ്പെടുത്തികൊണ്ട് സഹനങ്ങളെ മനസ്സിലാക്കാൻ ശ്രമിക്കുന്ന ജോബിനെ അവിടെ കാണാം. ദൈവവുമായുള്ള



ജോബിന്റെ കണ്ടുമുട്ടലുകൾ വെളിപ്പെടുത്തുന്ന സത്യം - മനുഷ്യ യുക്തിയ്ക്ക് എത്രയോ അപ്പുറമാണ് ദൈവീക പദ്ധതിയും ദൈവീക യുക്തിയും എന്നുള്ളതാണ്. ഓരോ വിശ്വാസിയുടെ ജീവിതവും ഈ കൊറോണ കാലഘട്ടം അവരവരുടെ പരിമിതികൾ തിരിച്ചറിയുവാനും ഒപ്പം ദൈവത്തിന്റെ യഥാർത്ഥ മുഖം കണ്ടെത്താനും സഹായമാകണം. നീതിമാന്റെ സഹനങ്ങൾക്ക് ഒരു രക്ഷാകര മൂല്യമുണ്ട് ഒരു ഉയിർപ്പിന്റെ ഉറപ്പായ പ്രതീക്ഷയുണ്ട് എന്ന തിരിച്ചറിവ് പകർന്നു തന്ന ഗുരുവിനെപ്പോലെ.

ജീവിതത്തിന്റെ അന്തരാർത്ഥങ്ങളെക്കുറിച്ച് ചിന്തിക്കുന്നത് പ്രാർത്ഥനയാണ്. ദാനമായി കിട്ടിയ ജീവിതാനുഭവങ്ങൾക്കും നിമിഷങ്ങൾക്കും ഇപ്പോൾ ഇവിടെ ജീവിക്കുന്നു എന്ന അസ്ഥിത്വപരമായ യാഥാർത്ഥ്യത്തിനും നന്ദിപറയുന്നതും പ്രാർത്ഥനയാണ്. എങ്കിൽ അർത്ഥപൂർണ്ണമായ ജീവിതവും സുഖദുഃഖ സമ്മിശ്രമായ നിമിഷങ്ങളും അപരന്റെ ശുശ്രൂഷയ്ക്കായ് നീക്കിവയ്ക്കപ്പെടുന്നതും പ്രാർത്ഥനകളായി പ്രപഞ്ചസ്രഷ്ടാവിനു മുൻപിൽ രൂപാന്തരപ്പെടുന്നുണ്ട് എന്നത് തീർച്ച. സത്യ ദൈവത്തിലുള്ള വിശ്വാസവും കഠിന പ്രയത്നവും ഉത്തരവാദിത്വപൂർണ്ണമായ കാഴ്ചപ്പാടുകളും പ്രവൃത്തികളും ആരോഗ്യപരമായ പരസ്നേഹവും ആണ് ഈ കൊറോണ കാലഘട്ടത്തിൽ വച്ചുപുലർത്തേണ്ടത്. വിശ്വാസികളായ നമ്മുടെ കൂട്ടായ്മകളിൽ ഇനി നമ്മൾ പ്രാർത്ഥിക്കുക പഴയപാടിയാകാനല്ല, മറിച്ച്. പുതിയതിനെ അംഗീകരിക്കാനും സത്യവും നീതിയും

നിറഞ്ഞ സുതാര്യവും തുറവിയുമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിനും ആവണം. ഞാനും എന്റെ മതവും ആചാരാനുഷ്ഠാനങ്ങളും എന്നതിനപ്പുറം പ്രാർത്ഥന എന്നത് പങ്കുവെയ്ക്കലുകളും എല്ലാ മനുഷ്യരാശിയുടെയും പൊതുനന്മയ്ക്കായുള്ള ഉത്തരവാദിത്വം ഏറ്റെടുക്കലുമാവട്ടെ. ജീവനുള്ള ദൈവത്തിന്റെ ശക്തമായ പ്രവൃത്തികളുടെ ജീവിക്കുന്ന സാക്ഷ്യമായി നമുക്കും മാറാം....

### വാക്സിനെടുക്കാം സുരക്ഷിതരാകാം

വാർത്താ തലക്കെട്ടുകളിലും, ഇരിപ്പിടങ്ങളുടെ പിന്നാമ്പുറത്തും എന്നു വേണ്ട എല്ലായിടത്തും പ്രതിധ്വനിക്കുന്നുണ്ട് സുരക്ഷയെക്കുറിച്ചുള്ള ഈ ആഹ്വാനം. എന്റെ സുഹൃത്തും ആരോഗ്യപ്രവർത്തകനുമായ സുബി പറയുന്നത് ഇപ്പോൾ വാക്സിനായ് ആളുകളെ വീട്ടിൽ ചെന്ന് വിളിച്ചോണ്ട് വരികയാണ് ചെയ്യുന്നത്. ഇന്നു കൂടി 58 പേർക്കാണ് കേരളത്തിൽ തന്നെ ഈ മഹാമാരിയാൽ ജീവൻ നഷ്ടമായത് (27/09/21). മരിച്ചവർ കടന്നുപോയി. ഇനി അവരെ ചുറ്റിപ്പറ്റി നിന്നിരുന്ന കുറേ ഉത്തരവാദിത്വങ്ങളും, ചോദ്യങ്ങളും, കണ്ണുനീരും ഉത്തരമില്ലാതെ അങ്ങനെ....

ഒത്തിരിയേറെ സംശയങ്ങളാണ് വാക്സിനെടുക്കാൻ ഇന്നു കൂടി സമ്മതിച്ചവർക്കും. ഇതൊക്കെ തട്ടിപ്പാണോ എന്ന് ദീർഘനിശ്വാസത്തോടെ ചോദിച്ചയാൾ ഫോണിന്റെ മറുവശത്ത് ഇന്നലെ കൂടി ഉണ്ടായിരുന്നു. വാക്സിൻ എടുത്ത് സുരക്ഷിതനാകാൻ തുനിയുന്നത് ദൈവത്തിലുള്ള വിശ്വാസത്തെ, അവന്റെ നേരിട്ടുള്ള ഇടപെടലിനെ ചോദ്യം ചെയ്യലാകുമോ എന്നു ഭയക്കുന്നവരും കുറച്ചല്ല എന്നത് വാസ്തവം. ഉത്തരവാദിത്വപൂർണ്ണമായ എന്തു ധാർമ്മിക നടപടിയാണ് നാം സ്വീകരിക്കേണ്ടത്?

വ്യക്തിപരമായ വെളിപ്പെടുത്തലുകൾക്കോ വിശ്വാസങ്ങൾക്കോ ഇവിടെ പ്രസക്തിയില്ല. ഓരോ രാജ്യത്തിന്റെയും ഭരണസംവിധാനങ്ങളിലൂടെ സംഭവിക്കുന്ന ദൈവിക ഇടപെടലുകളെ തിരിച്ചറിയാനുള്ള, അംഗീകരിക്കാനുള്ള വിവേകം നാം കാണിക്കണം. മരുന്നിലൂടെയും പ്രതിരോധ കുത്തിവെയ്പ്പുകളിലൂടെയും മാത്രമാണ് രോഗങ്ങൾ തോല്പിക്കപ്പെട്ടത് എന്ന് ചരിത്രം പഠിപ്പിക്കുന്നുണ്ട്. ദൈവത്തിന്റെ നേരിട്ടുള്ള ശക്തമായ ചില ഇപെടലുകൾക്കപ്പുറം അവിടുന്ന് കൂടുതലും പ്രവർത്തിക്കുന്നത് ബലഹീനമായ നമ്മുടെ കരങ്ങളിലൂടെത്തന്നെയല്ലേ? അവസരോചിതമായി മരുന്നും പ്രതിരോധവും അതിനുള്ള ആരോഗ്യപരമായ സാഹച



ര്യങ്ങളും ഏറ്റവും ഉയർന്ന നന്മയ്ക്കായ് ഒരുക്കപ്പെടുന്നു എന്നത് വിലയേറിയ പ്രാർത്ഥനയല്ലാതെ എന്താണ്? ഒരു വിശ്വാസിയെ സംബന്ധിച്ചടുത്തോളം 'വാക്സിനേഷൻ' എന്നത് വ്യക്തിപരമായ താല്പര്യങ്ങളോ, ഇഷ്ടാനിഷ്ടങ്ങളോ അല്ല മറിച്ച്, അപരനോടും പൊതു സമൂഹത്തോടും ഉള്ള പ്രതിബദ്ധതയും ഉത്തരവാദിത്വവു മാണ്. "നിന്നെപോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക" (മർക്കോസ് 12:31) എന്ന ക്രിസ്തുമൊഴികളോടുള്ള സമ്പൂർണ്ണ വിധേ യത്വവും, ഒരു ക്രിസ്ത്യാനിയുടെ കടമയും, സമൂഹ ജീവിയെന്ന നിലയിൽ സാമൂഹിക ഉത്തരവാദിത്വം ആണ്, ഇത് എന്നതിൽ തെല്ലും സംശയിക്കാതിരിക്കാം.

## കൊറോണയ്ക്ക് ഒപ്പവും ശേഷവും

അദൃശ്യനായ അതിഥി സമ്മാനിച്ച എട്ടിന്റെ പണികൊണ്ട് തകർന്ന ഒത്തിരിയേറെ കുടുംബങ്ങൾ നമുക്ക് ചുറ്റിലുമുണ്ട്. അവർ ശാരീരികവും മാനസികവും സാമ്പത്തികവുമായ നഷ്ടക്കളത്തിൽ പോരാടികൊണ്ടിരിക്കുകയാണ്. അവരുടെ വീണ്ടെടുക്കൽ നമ്മുടെ ഓരോരുത്തരുടെയും നമ്മുടെ കുടുംബങ്ങളുടെയും സമൂഹത്തി ന്റെയുമൊക്കെ ധാർമ്മിക ഉത്തരവാദിത്വവും സാമൂഹിക പ്രതിബ ദ്ധതയും ആണെന്ന് ഓർമ്മിക്കാൻ ഒരു കാലം. ഈ സമയം സർഗാ ത്മകമായ് വേണ്ട നടപടികൾക്ക് നാം കൂട്ടായ് മുതിരുകയും വേണം. ഒരു സത്യവിശ്വാസിക്ക് എങ്ങനെ അപരന്റെ അത്യാവശ്യങ്ങളിലേക്ക് കരുതലിന്റെ കരങ്ങൾ നീട്ടാതിരിക്കാനാവും? അതും സ്നേഹി തർക്കുവേണ്ടി ജീവൻ പോലും ബലി കഴിച്ചവന്റെ അനുയായികൾ എന്നവകാശപ്പെടുന്ന സമൂഹത്തിന് ഒന്നു ചിന്തിച്ചാൽ ക്രിസ്തു



വിന്റെ ജീവിതം ഉയർത്തുന്ന വെല്ലുവിളികൾ എപ്പോഴും ഒരു സത്യ വിശ്വാസിയുടെ സമാധാനം കെടുത്തുന്നുണ്ട്. സമ്പത്തും കായിക ശേഷിയും ആൾബലവും ധ്യാനവും പ്രാർത്ഥനകളും ഒപ്പം സ്ഥാപന ജംഗമങ്ങളും ഒക്കെ ഈ ഒരു യജ്ഞത്തിനായ് മാറ്റിവെയ്ക്കപ്പെടണം എന്നു സാരം.

എല്ലാ മഹാമാരികളെയും പോലെ, കൊറോണ എന്ന മഹാവിപത്തും നമ്മെ പരിസ്ഥിതിയോട് ഇടപഴകി ജീവിക്കുന്നതിന് പ്രചോദനമായിട്ടുണ്ട്. വിഷമില്ലാത്തതു ഭക്ഷിക്കണമെന്നും മലിനമല്ലാത്ത അന്തരീക്ഷവും ചുറ്റുപാടുകളും സൃഷ്ടിക്കണമെന്നും ഓർമ്മിപ്പിക്കുന്നുണ്ട്. 2015 മെയ് മാസത്തിൽ ഫ്രാൻസിസ് മാർപാപ്പ ഇറക്കിയ ‘ Laudato si’ എന്ന Encyclical പങ്കുവയ്ക്കുന്ന പ്രകൃതിയോടുള്ള ശ്രദ്ധ, പാവപ്പെട്ടവരുടെ സംരക്ഷണം, പൊതുനന്മയ്ക്കായുള്ള സാമൂഹിക പ്രതിബദ്ധത ഇനിയുള്ള കൊറോണ കാലഘട്ടത്തിനും വിചിന്തനമാകണം. എല്ലാം യാന്ത്രികമായികൊണ്ടിരിക്കുന്ന കാലത്ത് മാനസിക പിരിമുറുക്കവും, മാറികൊണ്ടിരിക്കുന്ന കാലഘട്ടത്തോടു മല്ലിടുന്നതിന്റെ പിരിമുറുക്കവും ഇനി കണ്ടില്ലെന്നു നടിച്ചുകൂടാ. ഓൺലൈൻ ക്ലാസുകളും അമിതമായ ഗാഡ്ജറ്റ് ഉപയോഗവും വ്യക്തിത്വ വികസനത്തിനും സാമൂഹിക നന്മയ്ക്കുമായി ഉത്തരവാദിത്വത്തോടെ ഉപയോഗിക്കാൻ പരിശീലനങ്ങൾ വേണം. ഉയർന്ന നന്മയെ ലക്ഷ്യം വച്ചായിരിക്കണം ഈ കാലഘട്ടത്തിന്റെ മാറ്റങ്ങളെയും വെല്ലുവിളികളെയും സത്യങ്ങളെയും ഇനി നേരിടാനും മനുഷ്യത്വം മരവിക്കാത്ത പരസ്പര സ്നേഹത്തിന്റെയും ഐക്യത്തിന്റെയും ദൈവമക്കളെന്ന പൂർണ്ണ ബോധ്യത്തിന്റെയും

ഒരു പാരസ്ഥിതിക ചുറ്റുപാട് സൃഷ്ടിച്ചെടുക്കാൻ പക്വമായ പുതു ചിന്തകൾക്കും പുതുജീവിതരീതികൾക്കും കഴിയട്ടെ.

### പുതുവഴിയും പുത്തൻ ചിന്തകളും

എന്റെയും എന്റെ കുടുംബത്തിന്റെയും മാത്രം എന്ന സ്വാർത്ഥ ചിന്തയ്ക്കപ്പുറം അപരന്റെ സ്വസ്ഥത കൂടി എന്റെ സാമൂഹിക ഉത്തരവാദിത്വത്തിന്റെ ഭാഗമാകണമിനി. ഇനിയങ്ങോട്ട് പൊതുനന്മയും സാമൂഹിക പ്രതിബദ്ധതയും അടിയന്തരാവസ്ഥയിൽ മാത്രമല്ല നാം വെച്ചുപുലർത്തേണ്ടത്. നാം ജീവിക്കുന്ന കുടുംബങ്ങളിലും സമൂഹത്തിലും ഇനി മുതൽ അതു നിഴലിച്ചേ മതിയാവൂ.

പ്രപഞ്ച സ്രഷ്ടാവായ ദൈവം പ്രകൃതിയിലൂടെ പറഞ്ഞതും ഇപ്പോൾ പറയാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നതും ഈ കൂട്ടുത്തരവാദിത്വത്തിലേക്ക് വളരാനാണ് എന്നത് മറക്കാതിരിക്കാം. സംസ്ഥാനങ്ങൾ തമ്മിലും രാഷ്ട്രങ്ങൾ തമ്മിലും ഒരേ രാജ്യത്തെ ധനവാനും ചേരിപ്രദേശത്തെ ദരിദ്രനും തമ്മിലും മതിലുകളുടെ അതിർവരമ്പുകൾ തീർക്കാൻ പ്രത്യക്ഷമായിപോലും തുടങ്ങിവച്ച കാലത്താണ് പ്രപഞ്ചത്തിലൂടെ ദൈവം വീണ്ടും സംസാരിച്ചു തുടങ്ങിയത് എന്ന് ചിന്തിക്കുമ്പോൾ എല്ലാം ദൈവാധീനമാണ്. എന്ന് ചിന്തിക്കാതെ വയ്യാ. മത്ത് പിടിപ്പിക്കുന്ന അധികാരവും, അതു തലയ്ക്കു പിടിച്ചവന്റെ ധാർഷ്ഠ്യവും എന്തും നേടാനും തിരുത്തി എഴുതാനുള്ള സ്വാധീനവും കുറെ പണവും മാത്രം സ്വരൂപിക്കുന്നതാണ് സുരക്ഷയെന്നു കരുതുന്ന പഴയ രീതികളിൽ നിന്ന് ഒരു സമൂലമായ പരിവർത്തനമാണ് ഈ പുതുവഴി നമ്മോട് ആവശ്യപ്പെടുക. ഇവിടെ മാറ്റത്തിന് വിധേയമാകേണ്ടത് 'ഞാനും എന്റെയും', 'ഞങ്ങളും ഞങ്ങളുടെ സ്വന്തവും' എന്ന ഇടുങ്ങിയ ചിന്താഗതികൾക്കാണ്.

മനുഷ്യത്വത്തിന്റെ വലിയ പാഠശാലയായി ഈ മഹാമാരിയെയും കൊറോണ കാലഘട്ടത്തെയും കണ്ട് കുടുംബ വ്യക്തിബന്ധങ്ങളുടെയും സാമൂഹിക കെട്ടുറപ്പിന്റെയും ഒരു സമഗ്ര തിരിഞ്ഞുനോട്ടം ആണ് നമ്മിൽ നിന്ന് ആവശ്യപ്പെടുന്ന പുത്തൻ ചിന്തകൾ. ആരാധനയ്ക്കും ആചാരനുഷ്ഠാനങ്ങൾക്കും പലതരം വെർച്ചൽ വേദികൾ രൂപപ്പെടുകയും താമസസ്ഥലങ്ങൾ പ്രാർത്ഥനാലയങ്ങൾ ആകുകയും കുടുംബാംഗങ്ങൾ ഒത്തുകൂടി കുടുംബം വീണ്ടും ഇമ്പമുള്ളതാക്കിയതും ഈ കാലഘട്ടത്തിൽ ആണ് എന്നതിൽ സന്തോഷിക്കണം. പക്ഷേ ഇന്നിന്റെ ഈ ചുറ്റുപാടുകളെ ചടങ്ങു നിർവഹിക്കാനുള്ള വേദികളും അപക്വമായ സമീപന



ങ്ങൾക്കുമാണ് നാം തിരഞ്ഞെടുക്കുന്നതെങ്കിൽ അതിൽ നന്മയൊന്നുമില്ല.

നാം കെട്ടിപ്പൊക്കിയ സൗധങ്ങളൊക്കെ നമ്മെ ഒരുമിച്ചു കൂട്ടാനും ഒത്തൊരുമിച്ച് പ്രാർത്ഥിക്കാനും സഹായിക്കുന്ന ഉപകരണങ്ങൾ മാത്രമാണ് എന്ന തിരിച്ചറിവും നന്ന്. ആഘോഷങ്ങളും വഴിപാട് വെടിക്കെട്ടുകളും പ്രസുദേന്തിമാരും മാത്രമാണ് ഭക്തർ എന്ന സാമൂഹിക മിഥ്യയ്ക്ക് ഇനി വിട. യാഥാർത്ഥ ഭക്തന് ദൈവം ഒട്ടും വിദൂരത്തല്ല. മഹാമാരിയുടെ നഷ്ടക്കണക്കുകൾ എത്ര വലുതാണ് എന്ന് ദൈവത്തോട് പരാതിപ്പെടുന്നത് ഇനി നിർത്താം. പകരം ദൈവം എത്ര വലിയവനാണ് എന്ന് വിശ്വാസത്തോടെ നഷ്ടക്കണക്കുകളോട് വിട പറയാം. വിശ്വാസികളായ നാം പുതിയ ചിന്തകളും പുത്തൻ വഴികളും മെനയുമ്പോൾ ശ്രദ്ധിക്കേണ്ടതും ധ്യാനിക്കേണ്ടതും ദൈവം നമ്മോടുള്ള സ്നേഹത്തെപ്രതി നല്കിയ 'പ്രകൃതിയും' കുടുംബവുമെന്ന രണ്ടു സംവിധാനങ്ങളുടെ പവിത്രതയും സമ്പൂർണ്ണ കെട്ടുറപ്പുമാണ്. അനിയന്ത്രിതമായ Individualism വും സ്വാർത്ഥതയും ആത്മാരാധനയും വ്യക്തി താല്പര്യങ്ങളും നമ്മുടെ സാമൂഹിക പ്രതിബന്ധത ഇനിമേൽ തകർക്കാതിരിക്കട്ടെ. ശക്തവും ധീരവുമായ ധാർമ്മിക വീക്ഷണങ്ങളോടെ കൊറോണ കാലഘട്ടത്തെയും അതു വരുത്തി വച്ച വിനകളെയും വെളിപ്പെടുത്തിയ സത്യങ്ങളെയും പകർന്ന മൂല്യങ്ങളെയും പുതിയ ഉൾകാഴ്ചകളോടെ കാണാൻ ശ്രമിക്കാം.






## ടോം നടുവിലേക്കുന്നേൽ

**എം. എസ്. റ്റി പ്രേഷിത സഹകാരി**

ക്രിസ്തുവിൽ വിശ്വസിച്ച് ക്രിസ്ത്യാനിയായി ജീവിക്കുന്ന എല്ലാവരും ക്രിസ്തുവിനെ അനുകരിക്കേണ്ടവരും മിഷൻ ചൈതന്യം ഉള്ളവരും ആയിരിക്കണം. നമ്മുടെ പൂർവ്വികർക്ക് വലിയ അറിവോ, ജ്ഞാനമോ ഇല്ലായിരുന്നുവെങ്കിലും അവർ അടിയുറച്ച ക്രിസ്തീയ ചൈതന്യം ഉൾക്കൊണ്ടവരായിരുന്നു അവർ തങ്ങളുടെ വിശുദ്ധ പാരമ്പര്യങ്ങളും സഭാപ്രബോധനങ്ങളും ശിരസ്സാ വഹിച്ചവർ ആണ്. അവരിൽ നിന്ന് ലഭിച്ചിട്ടുള്ള വിശ്വാസം നമുക്ക് ഒരു പ്രചോദനവും മുതൽകൂട്ടുമാണ് .

ചെറുപ്പം മുതലേ ഒരു മിഷനറി വൈദികൻ ആകാൻ ആഗ്രഹിച്ചെങ്കിലും അതല്ലായിരുന്നു എന്റെ വിളി. എങ്കിലും ആ ചൈതന്യത്തെ കെടാതെ നിലനിർത്തി. കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ വകുപ്പിൽ നവോദയ വിദ്യാലയ സമിതിയിൽ അധ്യാപകനായി ഗുജറാത്തിലെ കച്ചിലാണ് ആദ്യമായി ജോലിക്ക് പോയത്. ഇന്ത്യയിൽ തമിഴ്നാട്ടിലൊഴിച്ചു മറ്റെല്ലാ ജില്ലകളിലും

ഓരോ നവോദയ സ്കൂളുകളുണ്ട്. രാജീവ് ഗാന്ധി പ്രധാനമന്ത്രിയായപ്പോൾ ഭാരതത്തിലെ സമർത്ഥരായ ഗ്രാമീണ കുട്ടികൾക്ക് വേണ്ടി സ്ഥാപിച്ചതാണ് ഇത്.

ഗ്രാമങ്ങളിലുള്ള നിർധനരായ എന്നാൽ മിടുക്കരായ കുട്ടികൾക്ക് നല്ല സ്ഥാപനങ്ങളിൽ പോയി പഠിക്കാൻ സാധിക്കുന്നില്ല എന്ന സ്ഥിതി മനസിലാക്കി അങ്ങനെയുള്ളവർക്കായി സ്ഥാപിക്കപ്പെട്ട മികച്ച നിലവാരമുള്ള റെസിഡൻഷ്യൽ സ്കൂളുകളാണ് ജവഹർ നവോദയ വിദ്യാലയങ്ങൾ. ഇവിടെ കുട്ടികളുടെ എല്ലാ ചിലവുകളും സർക്കാർ വഹിക്കും 70% സീറ്റുകളും ഗ്രാമീണ പ്രദേശങ്ങളിൽ നിന്നുള്ള കുട്ടികൾക്കായി നീക്കി വച്ചിരിക്കുന്നു. പെൺകുട്ടികൾക്കും SC/ST വിഭാഗങ്ങൾക്കും റിസർവേഷൻ ഉണ്ട്.

നമ്മുടെ പുരാതന ഗുരുകുല പഠന രീതികളോട് സാമ്യമുള്ള വിദ്യാഭ്യാസ രീതിയാണിത്. എല്ലാ മതങ്ങൾക്കും ആചാരങ്ങൾക്കും ആഘോഷങ്ങൾക്കും പ്രാധാന്യം നൽകി മികച്ച പൗരന്മാരെ വാർത്തെടുക്കുന്നു. എല്ലാ കുട്ടികളും 3 ഭാഷകൾ പഠിക്കണം. ഒരു സ്റ്റേറ്റിൽ നിന്നും മറ്റൊരു സ്റ്റേറ്റിലേക്ക് 9 ക്ലാസ്സിൽ പഠിക്കുമ്പോൾ എക്സ്ചേഞ്ച് ചെയ്യുന്നു. ഇതിന് മൈഗ്രേഷൻ എന്ന് പറയുന്നു.



നാഷണൽ ഇന്റഗ്രേഷൻ ആണ് നവോദയയുടെ മുഖമുദ്ര. ഏറ്റവും ആധുനികവും മികച്ചതുമായ അധ്യാപനത്തിന് അധ്യാപകരെ പ്രാപ്തരാക്കാൻ അവർക്ക് സമയാസമയങ്ങളിൽ പരിശീലനം നൽകുന്നു. ഓരോ ജില്ലയിലെയും മോഡൽ സ്ഥാപനമായാണ് നവോദയ അറിയപ്പെടുന്നത്.

കച്ചിലെ സ്കൂൾ ഒരു ഉൾനാടൻ ഗ്രാമത്തിലാണ്. ഒട്ടുമിക്ക സ്കൂളുകളും ഗ്രാമത്തിലാണ്. മുപ്പത് ഏക്കറോളം സ്ഥലം ഈ പ്രസ്ഥാനത്തിന് ആവശ്യമുണ്ട്. കച്ചിലെ ഡുംറ എന്ന സ്ഥലത്തെ ജനങ്ങൾ സാധാരണക്കാരായ നല്ല ആളുകളാണ്. സ്കൂളിൽ നിന്ന് ഏകദേശം 20 കിലോമീറ്റർ അകലെ നലിയ എന്ന സ്ഥലത്ത് ഒരു എയർഫോഴ്സ് സ്റ്റേഷൻ ഉണ്ട്. അവിടെ മാസത്തിലെ ആദ്യഞായറാഴ്ച കുർബാനയ്ക്ക് ഒരു അച്ചൻ വരുന്നുണ്ട്. രാജ്കോട്ട് രൂപതയിൽ സേവനം ചെയ്യുന്ന ഒരു സി. എം. ഐ വൈദികൻ ആയിരുന്നു.പിന്നീട് അദ്ദേഹം ബുജിൽ നിന്ന് വരുമ്പോൾ സ്കൂളിൽ വന്ന് എന്നെയും കൂട്ടി തന്റെ ജീപ്പിൽ കൊണ്ടുപോകും.

അതിനുശേഷം മഹാരാഷ്ട്രയിലെ സിന്ധുദുർഗ്, രത്നഗിരി ഗോവയിലെ വാൽപോയി എന്നീ സ്കൂളുകളിൽ ജോലി ചെയ്തു. ഈ പ്രദേശങ്ങൾ എം. എസ്. റ്റി മിഷനറിമാർ ശുശ്രൂഷ ചെയ്യുന്ന സാംഗ്ലി മിഷനിൽ പെട്ടസ്ഥലങ്ങളാണ്. അതിന്റെ ആരംഭ കാലത്ത് മിഷൻ സ്റ്റേഷൻ തുടങ്ങുമ്പോൾ Khed എന്ന സ്ഥലത്തു നിന്ന് ഫാ. തെരുവൻമൂലയും ഫാ. കാരാമേലും എന്റെ സ്കൂളിൽ വന്ന് ക്ലാസുകൾ എടുത്തിട്ടുണ്ട്. അത് ദാപോലി എന്ന സ്ഥലത്തായിരുന്നു. എം. എസ്. റ്റി മിഷനറിമാർ സേവനം ചെയ്യുന്ന കോലാപൂർ, സംഗ്ലീ എന്നീ ജില്ലകളിൽ പോയി അവരുടെ സേവനങ്ങൾ നേരിൽ കാണാൻ അവസരം ലഭിച്ചിട്ടുണ്ട്. എം. എസ്. റ്റി ഫാദഴ്സ് നിസ്വാർത്ഥമായ സേവനമാണ് നടത്തുന്നതും. വളരെ കഷ്ടപ്പാടുകൾ വഹിച്ച്, ദൈവരാജ്യത്തിനുവേണ്ടി ആത്മാർ ത്ഥമായി സേവനം ചെയ്യുന്ന എം. എസ്. റ്റി വൈദികരെ ഞാൻ വളരെ നന്ദിയോടെയും ബഹുമാനത്തോടെയും സ്മരിക്കുന്നു. സ്കൂളുകളിൽ ഞങ്ങൾ ക്രിസ്മസ് ആഘോഷിക്കുമ്പോൾ ഞാൻ താമസിക്കുന്ന സ്ഥലത്തിനടുത്തുള്ള വികാരിയച്ചനെയും കുറെ കന്യാസ്ത്രീകളെയും ക്ഷണിക്കാറുണ്ട്. അവരുടെ ക്രിസ്തുമസ് സന്ദേശം എല്ലാവരും സ്നേഹാദരവോടെ ശ്രവിക്കാറുണ്ട്.



മിഷൻ പ്രവർത്തനം എന്നത് ഓരോരുത്തരും ആയിരിക്കുന്ന അവസ്ഥയിൽ ആയിരിക്കുന്ന സ്ഥലത്തു ക്രിസ്തീയ ജീവിതം നയിക്കുന്നതും പ്രാർത്ഥിക്കുന്നതും ആണ്. കുറച്ചുനാൾ മാഹിയിലും ഇപ്പോൾ കേരളത്തിലും ജോലിചെയ്യുന്ന കുട്ടികളോട് ബൈബിൾ കഥകൾ പറയുകയും മൂല്യാധിഷ്ഠിത വിദ്യാഭ്യാസം നൽകുകയും ചെയ്യുന്ന ഏറ്റവും വലിയ സാക്ഷ്യം ജീവിതം തന്നെയാണ്. എന്റെ കുട്ടികൾക്ക് എന്നോട് ഒരു പ്രത്യേക സ്നേഹവും ബഹുമാനവും ഉണ്ട്. പാർശ്വവൽക്കരിക്കപ്പെട്ടവരും പാവപ്പെട്ടവരും എന്നാൽ സമർത്ഥരുമായ കുട്ടികൾക്ക് ഇംഗ്ലീഷ് പഠിക്കുക എന്നത് ഒരു വലിയ സ്വപ്നം ആണ് . അവർക്കത് ഇതിലൂടെ കുറെയൊക്കെ സാധിക്കുകയും ചെയ്തപ്പോൾ എല്ലാവരും തന്നെ നല്ല നിലവാരത്തിൽ എത്തിച്ചേരുന്നു.അവർ എന്നെ വിളിക്കുകയും അവരുടെ സന്തോഷവും നന്ദിയും അറിയിക്കുകയും ചെയ്യാറുണ്ട്. സഹനവും സാഹോദര്യവും, ക്ഷമയും സഹവർത്തിത്വവും ക്രിസ്ത്യാനികൾക്ക് ആവശ്യമാണ്. ഏറ്റവും വലിയ ആയുധവും മുതൽകൂട്ടും വചനമാണ്. അതാണ് ഇരുതലവാളിനേക്കാൾ മൂർച്ചയുള്ളത്. ക്രിസ്തീയ സമൂഹത്തിന് ഭീക്ഷണിയായി സംഘടിതമായ പ്രവർത്തനങ്ങളെ എതിർക്കേണ്ടതാണ്. നമുക്ക് പ്രാർത്ഥനയിൽ ശക്തരാകാം എല്ലാവരുടെയും പ്രാർത്ഥന യാചിക്കാം.



# പ്രേഷിത വഴിയിൽ




## സി. എൽസി ശേഖരത്തിൽ
**S.A.B.S**


“കർത്താവാണ് എന്റെ ഇടയൻ, എനിക്കൊന്നിനും കുറവുണ്ടാവുകയില്ല” സങ്കീ 23:1

സങ്കീർത്തകന്റെ ഈ വചനം എന്റെ എല്ലാ പ്രവർത്തനങ്ങൾക്കും എനിക്ക് കരുത്തേകുന്നു. പിന്നിട്ട കാലങ്ങളിലേക്ക്, അതെ കഴിഞ്ഞ 50 വർഷം ദൈവം എന്നെ എത്രമാത്രം കാത്തു പരിപാലിച്ചു എന്ന് ഓർക്കുമ്പോൾ ഞാൻ നല്ലവനായ ദൈവത്തിന് നന്ദി പറയുന്നു. വി. മർക്കോസിന്റെ സുവിശേഷം 3/13-ൽ ഇപ്രകാരം പറയുന്നു “അവൻ മലമുകളിലേക്ക് കയറി തനിക്ക് ഇഷ്ടമുള്ളവരെ തന്റെ അടുത്തേയ്ക്ക് വിളിച്ചു.

ദൈവത്തിന് അനാദിയിലേ എന്നെക്കുറിച്ച് ഒരു പദ്ധതി ഉണ്ടായിരുന്നു. മിഷന് പോകാൻ എനിക്ക് ആഗ്രഹം ഉണ്ടായിരുന്നു.

എങ്കിലും വീട്ടിൽ അതിനു അനുകൂലമായ മറുപടി ഒന്നും ലഭിച്ചില്ല. 1968 ജൂൺ 15നു ആരാധന സന്യാസിനി സമൂഹത്തിന്റെ പാലാ പ്രോവിൻസിൽ അർത്ഥിനിയായി ചേർന്നു. നോവിഷ്യേറ്റിൽ ആയിരിക്കുമ്പോൾ മോൺസിഞ്ഞോർ ജോൺ പെരുമറ്റം പാലാ രൂപതാദ്ധ്യക്ഷൻ മാർ സെബാസ്റ്റ്യൻ വയലിനോടൊപ്പം നെല്ലിയാനി മഠം സന്ദർശിക്കുകയും എല്ലാവരെയും വിളിച്ചു കൂട്ടി സംസാരിക്കുകയും ചെയ്തു. അന്ന് ഉജ്ജൈൻ മിഷൻനെ കുറിച്ച് സംസാരിക്കുന്നതിനിടയിൽ സിസ്റ്റേഴ്സിനെ മിഷനിലേക്ക് ക്ഷണിക്കുകയും ചെയ്തു. അങ്ങനെ അന്നു ഉജ്ജൈൻ മിഷനു പോകാൻ ആഗ്രഹിച്ചു പ്രാർത്ഥിച്ചിരുന്നു ദൈവകൃപയാൽ ആദ്യവ്രതത്തിന് ശേഷം അധികം താമസിക്കാതെ തന്നെ ഉജ്ജൈൻ മിഷനിലേക്ക് പോകുവാൻ സാധിച്ചു.



1971 ജൂലൈ 11ന് ശേഷം S.A.B.S സന്യാസിനി സമൂഹത്തിൽ നിന്ന് 5 ജൂനിയേഴ്സും എസ്. എച്ച് പാലാ പ്രൊവിൻസിലെ 5 സിസ്റ്റേഴ്സും കൂടി ഉജ്ജൈൻ മിഷനിലേക്ക് യാത്രയായി ജൂലൈ 14 ന് വൈകുന്നേരം ഉജ്ജൈനിൽ എത്തിചേർന്നു. ബഹുമാനപ്പെട്ട കുര്യൻ വലിയമംഗലത്തിൽ അച്ചൻ (എം.എസ്.റ്റി) ഞങ്ങളെ സ്വീകരിക്കാൻ റെയിൽവെ സ്റ്റേഷനിൽ വന്നു. കുതിരവണ്ടിയിൽ ഞങ്ങളെ ബിഷപ്പ് ഹൗസിൽ എത്തിച്ചു. ബഹുമാനപ്പെട്ട പെരുമറ്റത്തിൽ പിതാവും ബഹുമാനപ്പെട്ട ജോൺ പ്ലാക്കീൽ അച്ചനും മറ്റച്ചന്മാരും ഞങ്ങളെ സ്വീകരിച്ചു.

ബിഷപ്പ് ഹൗസിൽ തന്നെ വ്യത്യസ്ത സന്യാസ സഭകളിൽപെട്ടവർ (S.A.B.S, FCC, SH) ഒരേ മുറിയിൽ ഒന്നിച്ചുള്ള ജീവിതം വളരെ രസകരമായിരുന്നു. കോൺഗ്രിഗേഷൻ എന്ന വേർതിരിവില്ലാതെ ഒന്നിച്ചു പ്രാർത്ഥിച്ചും, ഭക്ഷിച്ചും, ജോലി ചെയ്തും ഒരു ഏക ഇടയന്റെ കീഴിൽ ഞങ്ങൾ ജീവിച്ചു പോന്നു. പെരുമറ്റം പിതാവിന്റെ സ്നേഹവാത്സല്യങ്ങൾ ഏറ്റ് ഞങ്ങൾ വളർന്നു വന്നു. പിന്നീട് ഓരോ പഠനങ്ങൾക്കായി ഞങ്ങളെ ഓരോ സ്ഥലങ്ങളിലേക്ക് അയച്ചു.

പഠനങ്ങൾക്കിടയിലും അവധി കിട്ടുമ്പോൾ സ്വന്തം ഭവനത്തിലേക്ക് എന്നപോലെ ഉജ്ജെജൻ അരമനയിലേക്ക് ഞങ്ങൾ വന്നു ചേരുമായിരുന്നു. പഠനത്തിനുശേഷം വിവിധ മിഷൻ സ്ഥാപനങ്ങളിലേക്ക് യാത്രയായി. പെരുമറ്റം പിതാവാണ് ഞങ്ങൾക്ക് മിഷന്റെ ബാലപാഠങ്ങൾ പഠിപ്പിച്ചു തന്നത്. നഴ്സിങ്ങ് പഠനത്തിനുശേഷം നിർമല ഹോസ്പിറ്റൽ ചന്തേശ്ശേരി, ജയ് റാണി ഹോസ്പിറ്റൽ Ghonsla, വികാസ് മൈത്രി കോട്രാ എന്നീ സ്ഥാപനങ്ങളിൽ ആതുരാ ശുശ്രൂഷാ രംഗത്ത് പ്രവർത്തിച്ചുകൊണ്ട് പാവപ്പെട്ടവർക്ക് സ്നേഹശുശ്രൂഷ ചെയ്യുവാൻ അവസരം ലഭിച്ചു.

നിരവധി രോഗികളെ രാത്രിയും പകലും ശുശ്രൂഷിക്കുവാൻ സാധിച്ചു. പലപ്പോഴും പ്രതിസന്ധികൾ നേരിടേണ്ടി വന്നിട്ടുണ്ട്. ദൈവത്തിന്റെ ഇടപെടൽ ഒത്തിരി അനുഭവപ്പെട്ട നിമിഷങ്ങൾ ഉണ്ടായിട്ടുണ്ട്. ഉദാഹരണമായി പറഞ്ഞാൽ സങ്കീർണ്ണമായിട്ടുള്ള ഡെലിവറി വാഹനത്തിന്റെ അഭാവം. രാവിലെ ഒരു മണി മുതൽ koti യുടെ മുറ്റത്തു കാളവണ്ടികൾ വന്നു കൊണ്ടിരിക്കും. ഏകദേശം ഒരു 10 മണിയോട് കൂടി മുറ്റം കാളവണ്ടികൾ കൊണ്ട് നിറയും ചില ദിവസങ്ങളിൽ കാളവണ്ടിയിൽ തന്നെ ഡെലിവറി നടക്കുകയും ബാക്കി ശുശ്രൂഷകൾ കാളവണ്ടിയിൽ വെച്ച് ചെയ്യേണ്ടതായും വന്നിട്ടുണ്ട്. രോഗിപരിചരണത്തിനായി രാവും പകലും ചില അവസരങ്ങളിൽ ഗ്രാമങ്ങളിൽ പോകേണ്ടതായി വന്നിട്ടുണ്ട്. അക്കാലങ്ങളിൽ വൈദ്യുതി ഒന്നും ഇല്ലായിരുന്നു, ടോർച്ച് വെട്ടത്തിൽ ആണ് ഇതൊക്കെ ചെയ്തു കൊണ്ടിരുന്നത്. ഇന്ന് ഇതൊക്കെ ഓർക്കുമ്പോൾ ഭയം തോന്നുന്നു. ദൈവപരിപാലന ഓർത്തു ദൈവത്തിനു നന്ദി പറയുന്നു.

ആദ്യമായി മിഷനിലേക്ക് വരുന്ന സിസ്റ്റേഴ്സിനുവേണ്ടി 1 year Mission Orientation കോഴ്സ് കോട്രാ യിൽ നടത്തിയിരുന്നു. സിസ്റ്റേഴ്സിന്റെ കൂടെ ഗ്രാമങ്ങളിൽ പോയി ഒരാഴ്ചക്കാലം താമസിക്കുകയും Health Talk കൊടുക്കുകയും രോഗികൾക്ക് മരുന്ന് കൊടുക്കുകയും സ്ത്രീകൾക്കും കുട്ടികൾക്കും വേറെ ക്ലാസുകൾ എടുക്കുകയും ചെയ്തിരുന്നു. സന്ധ്യാകാലത്ത് ആൾക്കാരെ ഒരുമിച്ചു കൂട്ടി ഭജൻമണ്ഡലി നടത്തുകയും ദൈവവചനം പങ്കുവെയ്ക്കുകയും ചെയ്തിരുന്നു. അന്ന് ഗ്രാമവാസികൾക്ക് ബഹുമാനവും സ്നേഹവും ഞങ്ങൾക്ക് സംരക്ഷണവും നൽകിയിരുന്നു.



ഉജ്ജൈൻ രൂപതയിൽ 2004 ൽ തുടങ്ങിയ പുതിയൊരു കാൽ വെയ്പ്പ് ആയിരുന്നു. HIV AIDS രോഗികൾക്കു വേണ്ടിയുള്ള പരിചരണം Saathi Care Home എന്ന പേരിലാണ് ഈ സ്ഥാപനം. 2009 മുതൽ HIV AIDS രോഗികളെ ശുശ്രൂഷിക്കുവാനും ദൈവം എനിക്ക് അവസരം നൽകി. HIV മൂലം സമൂഹത്തിൽ നിന്ന് ഒറ്റപ്പെടുകയും അകറ്റി നിറുത്തുകയും ഒക്കെ ചെയ്തിരുന്നവർക്കു വേണ്ടി സേവനം ചെയ്യുവാനും HIV ബാധിതരും, മാതാപിതാക്കൾ നഷ്ടപ്പെട്ടവരുമായ കുട്ടികളോടു കൂടിയുള്ള ജീവിതവുമൊക്കെ എനിക്ക് വളരെ സംതൃപ്തി നല്കുന്നു. കുട്ടികൾ എല്ലാവരും സെന്റ് പോൾ സ്കൂളിൽ പഠിക്കുന്നു. 10-ാം ക്ലാസ് കഴിഞ്ഞവർ മറ്റു സ്ഥലങ്ങളിൽ ഉപരിപഠനം നടത്തുന്നു. ദിവ്യ കാരുണ്യ ഈശോയുടെ സ്നേഹവും കരുണയും അനുഭവേദ്യമാക്കികൊടുക്കുവാൻ ദൈവം എന്നെ അനുഗ്രഹിച്ച ഒരു വേദിയായി എന്റെ ശുശ്രൂഷ മേഖലയെ ഞാൻ കാണുന്നു. വിലാപങ്ങൾ 3 /22 'കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല. അവിടുത്തെ കാരുണ്യം അവസാനിക്കുന്നില്ല. ഓരോ പ്രഭാതത്തിലും അതു പുതിയതാണ്.



# MISSION NEWS

## കുദ്രയിലെ പുതിയ ദേവാലയം





എം എസ് റ്റിയുടെ ഡയറക്ടർ ജനറൽ ബഹുമാനപ്പെട്ട ആന്റണി പെരുമാനൂർ അച്ചൻ കൂദാശ ചെയ്തു ജനങ്ങൾക്ക് സമർപ്പിച്ചു. ദേവാലയ നിർമ്മാണത്തിന് ചുക്കാൻ പിടിച്ചത് ബഹുമാനപ്പെട്ട ജോസിൻ അച്ചനാണ്. അച്ചന്റെ അഹോരാത്ര പരിശ്രമം ദേവാലയത്തിന്റെ പൂർത്തീകരണത്തിനു സഹായകമായി എന്ന് ഗ്രാമ വാസികൾ അറിയിച്ചു. ദേവാലയവും ദേവാലയ പരിസരവും വിശ്വാസികൾക്ക് ആയിട്ട് തുറന്നുകൊടുത്തു.

## റണ്ണിംഗ്പങ്കയിൽ പുതിയ ആരാധനാലയം

ക്രൈസ്തവർ പൊലീസ് കലാപത്തിൽ ഏറ്റവുമധികം പീഡിപ്പിക്കപ്പെട്ട കണ്ധമാലിനു സമീപം റണ്ണിംഗയിൽ വിശ്വാസിക



ൾക്കായി എം എസ് റ്റി വൈദികർ പുതിയ ദേവാലയം ആരംഭിച്ചു. ബഹുമാനപ്പെട്ട വലിയപറമ്പിൽ അച്ചന്റെയും ആശിഷ് അച്ചന്റെയും പ്രയത്നഫലമായി മനോഹരമായ ഒരു ദേവാലയം ബഹുമാനപ്പെട്ട എം എസ് റ്റി വൈദികർ വിശ്വാസികൾക്കായി സമർപ്പിച്ചു. വിശ്വാസികൾക്ക് ദേവാലയം ഒരു ആശ്വാസ കേന്ദ്രം ആയിത്തീരുമെന്ന് വലിയപറമ്പിൽ അച്ചൻ അറിയിച്ചു. ഒറീസ്സാ കലാപത്തിൽ എല്ലാം നഷ്ടപ്പെട്ട ഈ പ്രദേശവാസികൾ അവരുടെ വിശ്വാസം കെടാതെ കാത്തുസൂക്ഷിക്കുന്നു.

## കോവിഡ് പുനരുദ്ധാരണ പദ്ധതി

കണ്ഡമാൽ ജില്ലയിൽ കോവിഡാനന്തര പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി എം എസ് റ്റി വൈദികർ. കോവിഡ് മൂലം ക




ഷ്ടപ്പെടുന്ന ഗ്രാമവാസികൾക്ക് ഭക്ഷണവും അതുപോലെതന്നെ മരുന്നും എത്തിക്കുകയാണ് ഈ യുവ വൈദികർ. ഇവരുടെ പ്രവർ

ത്തന ഫലമായി ഏകദേശം 12-ഓളം വില്ലേജുകളിൽ ഭക്ഷണവും അവശ്യവസ്തുക്കളും മരുന്നുകളും എത്തുന്നു.

## ഷിറുഗാവിൽ പുതിയ മിഷൻ സെൻറ്റർ

ദേവഭൂമി എന്നറിയപ്പെടുന്ന ഹിമാചൽ പ്രദേശിലെ ഷിറുഗാവിൽ എം എസ് റ്റി പുതിയ മിഷൻ സെൻററ് ആരംഭിച്ചു. ജനങ്ങൾക്കായി പ്രാർത്ഥനയും അതുപോലെതന്നെ മറ്റ് സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളും ഇവിടെ നടക്കും. മിഷൻ സെന്ററിന്റെ പ്രവർത്തനം വഴിയായി അനേകർ യേശുവിനെ അറിയുമെന്ന് സ്ഥാപകനായ ബഹുമാനപ്പെട്ട സിബി അച്ചൻ അറിയിച്ചു.



## വനിതകൾക്ക് കൈതാങ്ങായി തയ്യൽ കേന്ദ്രം



മധ്യപ്രദേശിലെ മൻസോറിൽ ഗ്രാമവാസികളായ വനിതകൾക്കുവേണ്ടി തയ്യൽ കേന്ദ്രം തുടങ്ങി മാതൃകയാകുകയാണ് എം. എസ്. റ്റി വൈദികർ. ബഹു. സോജൻ ഉണ്ണിയേപ്പള്ളി അച്ചന്റെ നേതൃത്വത്തിലാണ് ഈ സെന്റർ പ്രവർത്തിക്കുന്നത്. ഗ്രാമത്തിലെ സ്ത്രീകൾക്ക് പുതിയ ഉപജീവനമാർഗം കണ്ടുപിടിക്കുവാൻ ഈ കേന്ദ്രം സഹായകമാകും



# വഴിത്താര തീർക്കുന്നവർ

## ഫാ. സഖറിയാസ് തടത്തിൽ



തയാറാക്കിയത്:

**ഫാ. റോണി ആലഞ്ചേരി**

**വൊക്കേഷൻ പ്രമോട്ടർ എം. എസ്. റ്റി**

ശിഷ്യൻമാർ പുറപ്പെട്ട്, ജനങ്ങളോട് അനുതപിക്കണമെന്നു പ്രസംഗിച്ചു. അനേകം പിശാചുക്കളെ പുറത്താക്കി; അനേകം രോഗികളെ തൈലംപൂശി സുഖപ്പെടുത്തി. (Mk. 6:12-13) കർത്താവ് അവരോടുകൂടെ പ്രവർത്തിക്കുകയും അടയാളങ്ങൾ കൊണ്ടു വചനം സ്ഥിരീകരിക്കുകയും ചെയ്തിരുന്നു. (Mk. 16:20)

സഖറിയാസ് തടത്തിൽ അച്ചൻ, പൈശാചിക വിടുതൽ ശുശ്രൂഷയിൽ ദൈവത്തിനും ദൈവജനത്തിനും വേണ്ടി തന്റെ സമയവും ആരോഗ്യവും എല്ലാം പൂർണ്ണമായി സമർപ്പിച്ച എം. എസ്. റ്റി സമൂഹത്തിലെ ഒരു വൈദികനാണ്. "ദൈവം തന്നു ദൈവത്തിനു മഹത്വം" എന്ന ആപ്തവാക്യം മുന്നിൽകണ്ടുകൊണ്ട്, താൻ ചെയ്യുന്ന നന്മപ്രവർത്തികളിൽ ഒന്നും അഹങ്കരിക്കാതെ ദൈവശു

ശ്രൂഷയിൽ പൂർണ്ണമായി അർപ്പിച്ചിരിക്കുന്ന സക്കറിയാസ് അച്ചന്റെ ജീവിതത്തിലൂടെ ഒരു യാത്ര.

**1. അച്ചന്റെ ലഘുജീവിതത്തെ കുറിച്ച്?**

1953 മാർച്ച് 25 ൽ തട്ടത്തിൽ തൊമ്മൻ-അന്ന ദമ്പതികളുടെ ആറുമക്കളിൽ രണ്ടാമനായി പാലാ രൂപതയിലെ അന്ത്യാളം ഇടവകയിൽ കർഷക കുടുംബത്തിൽ ജനനം. 1969 ൽ തന്റെ പഠനം പൂർത്തിയാക്കി മേലമ്പാറയിലുള്ള എം. എസ്. റ്റി മൈനർ സെമിനാരിയിൽ പഠനം ആരംഭിച്ചു. 1979 ഡിസംബറിൽ അന്നത്തെ പാലാ ബിഷപ്പായിരുന്ന പള്ളിക്കാപറമ്പിൽ പിതാവിൽ നിന്നും ഭരണങ്ങാനത്തുവച്ച് പതിനൊന്ന് പേർ തിരുപ്പട്ടം സ്വീകരിച്ചു. 1980-81 കാലഘട്ടങ്ങളിൽ കാഞ്ഞിരപ്പള്ളി, മാനന്തവാടി രൂപതകളിൽ സേവനമനുഷ്ഠിച്ചു. 1978 ൽ പുതുതായി ആരംഭിച്ച മാണ്ഡ്യ മിഷനിലേക്ക് ആരംഭഘട്ടത്തിൽ മിഷനറിയായി പുറപ്പെട്ടു. 1989-94 കാലഘട്ടങ്ങളിൽ കന്നഡ ഭാഷയിൽ ബിരുദം നേടി. 1996 മുതൽ ധ്യാനത്തിലും വിടുതൽ ശുശ്രൂഷയിലും സേവനമനുഷ്ഠിച്ച് വരുന്നു. ഇപ്പോൾ 2006 ജനുവരി മുതൽ കണ്ണൂർ പരിയാരത്ത് ഉള്ള എം. എസ്. റ്റി യുടെ സാന്തോം ഭവനത്തിൽ ശുശ്രൂഷ ചെയ്യുന്നു.

**2. എം. എസ്. റ്റി യിലേക്കുള്ള അച്ചന്റെ ദൈവവിളി?**

ചെറുപ്പം മുതൽ നല്ല ഒരു വൈദികനാകണം എന്ന ആഗ്രഹം എന്റെ മനസ്സിൽ ഉണ്ടായിരുന്നു. വീട്ടിൽ ആയിരിക്കുമ്പോൾ തോർത്ത് ചുറ്റി, മണ്ണപ്പം ഉണ്ടാക്കി കുർബാന ചൊല്ലുമായിരുന്നു. 7-ാം ക്ലാസിൽ എത്തിയപ്പോൾ അൾത്താരബാലനാകാനുള്ള അവസരം എനിക്ക് ലഭിച്ചു. 7-ാം ക്ലാസ് കഴിഞ്ഞപ്പോൾ സെമിനാരിയിൽ ചേരുവാനുള്ള അതിയായ ആഗ്രഹമുണ്ടായി. (അന്ന് ചില സന്യാസ സമൂഹങ്ങൾ സെമിനാരിയിൽ നിർത്തി ഹൈസ്കൂൾ പഠനം പൂർത്തിയാക്കുമായിരുന്നു. എന്നാൽ അന്ന് വികാരിയായിരുന്ന തടത്തിൽ സഖറിയാസ് അച്ചൻ അത് എതിർത്തു. കുറച്ചുകൂടി പ്രായമായിട്ട് പോയാൽ മതിയെന്നായി അച്ചൻ. ഞാൻ സമ്മതിച്ചു. എങ്കിലും പള്ളിക്കാര്യങ്ങളിൽ ഞാൻ അതീവ തല്പരനായിരുന്നു. ചെറുപുഷ്പം മിഷൻ ലീഗിൽ സെക്രട്ടറി, പ്രസിഡന്റ് പദവി അലങ്കരിച്ചു. പണപ്പിരിവ് നടത്താനും എല്ലാം ഞങ്ങൾ മുൻപന്തിയിൽ നില്ക്കുമായിരുന്നു. അങ്ങനെ ഞാൻ വികാരി അച്ചന്റെ ഇഷ്ടപുത്രനായി. ചെറുപുഷ്പം മിഷൻ ലീഗിൽ പ്രവർത്തിച്ചതി

നാൽ ഒരു നല്ല മിഷനറി വൈദികൻ ആകണം എന്നതായിരുന്നു എന്റെ ചിന്ത. അതിനുവേണ്ടി ഒത്തിരി വിശുദ്ധരുടെ പുസ്തകങ്ങൾ വായിക്കുമായിരുന്നു. പലപ്പോഴും എനിക്ക് ഒരു വൈദികൻ ആകാൻ സാധിക്കുമോ എന്നുകൂടെ ചിന്തിക്കുമായിരുന്നു. പീഡിപ്പിക്കപ്പെടുമ്പോൾ എങ്ങനെ സഹിക്കും? കടുവയുടെ മുന്നിൽ ഇട്ടുകൊടുത്താൽ എന്തുചെയ്യും? അങ്ങനെയെങ്കിൽ ഞാൻ തല ആദ്യം നീട്ടി കൊടുക്കും, എങ്കിൽ ബാക്കി വേദന അനുഭവിക്കേണ്ടല്ലോ... തിളക്കുന്ന എണ്ണയിലിട്ടാൽ കമിഴ്ന്ന് കിടക്കും, എങ്കിൽ പെട്ടന്ന് മരിക്കുമല്ലോ?...അച്ചൻ ചിരിച്ചു.

അങ്ങനെ ഞാൻ ആഗ്രഹിച്ച ദിവസം വന്നെത്തി. പത്താം ക്ലാസിൽ പഠിക്കുമ്പോൾ അന്ന് കടനാട് അസി. വികാരി ആയിരുന്നു. എം. എസ്. റ്റിയിലെ ജോസഫ് കരികിലാംതടം അച്ചൻ ഞങ്ങളുടെ സ്കൂളിൽ വേദപാഠം പഠിപ്പിക്കുവാൻ വന്നു. അത് എം. എസ്. റ്റി യുടെ ആരംഭ വർഷമായിരുന്നു. പാലാ രൂപതയിൽ ആണ്, സീറോ മലബാർ സഭയുടെ പ്രേഷിതമുന്നണിയാണ്, നോവിഷേറ്റ് ഇല്ല എന്നൊക്കെ പറഞ്ഞു. എനിക്ക് സന്തോഷമായി, മിഷനറിയാകാം, നോവിഷേറ്റ് ഉം ഇല്ല. അങ്ങനെ അച്ചനന്റെ പിറകേ കൂടി പത്താം ക്ലാസ് റിസൾട്ട് വന്നു, ജയിച്ചു. ഉടനേ പാലാ ബ്യൂറോയിൽ പോയി എം. എസ്. റ്റി ആദ്യാംഗങ്ങളിൽ ഒരാളായ ഈറ്റക്കുന്നേൽ അച്ചൻ ആണ് എന്നെ ആദ്യം സൊസൈറ്റിയിലേക്ക് പറഞ്ഞുവിടുന്നത്. ദീപ്തിയിൽ എത്തിയപ്പോൾ അഗസ്റ്റ്യൻ പുത്തൻപുര അച്ചൻ ആയിരുന്നു വൊക്കേഷൻ ഡയറക്ടർ. എന്റെ താല്പര്യം അറിയിച്ച് എന്നെ എടുക്കുമോ എന്ന ചോദ്യത്തിന് തമാശ രൂപേണ അച്ചൻ പറഞ്ഞു, ഇത്രയും വലിയ മനുഷ്യനായ നിന്നെ എടുക്കാനോ? പറ്റില്ല എന്ന്.

ഞങ്ങൾ 50 പേർ ഉണ്ടായിരുന്ന ഇന്റർവ്യു അറ്റെൻഡ് ചെയ്യുവാൻ. ഇന്റർവ്യു കഴിഞ്ഞപ്പോൾ എനിക്ക് മനസ്സിലായി അഡ്മിഷൻ കിട്ടില്ല എന്ന്. ചോദ്യം മനസ്സിലായില്ല ഉത്തരവും അറിയില്ല. നല്ല സമരിയാക്കാരന്റെ ഉപമ ഇംഗ്ലീഷിൽ എഴുതുക. ‘nalla samriyakaran’ എന്ന് എഴുതിവെച്ചു. ഇലക്ട്രിക് ട്രയിൻ നിശ്ചിത സ്പീഡിൽ പോകുമ്പോൾ അതിന്റെ പുക എത്ര ദൂരം പിറകോട്ട് വരും? ട്രയിൻ പോലും കാണാത്ത എനിക്ക് എങ്ങനെ ഉത്തരം അറിയും. എങ്കിലും വികാരി അച്ചൻ ഫുൾ സപ്പോർട്ട് ആയിരുന്നു. ചെറുപുഷ്പം മിഷൻ ലീഗിൽ സജീവ പ്രവർത്തകൻ ആയിരുന്നു. എല്ലാ കാര്യങ്ങളിലും ഒരു

മിതത്വം ഞാൻ പാലിച്ചിരുന്നു. എന്തൊക്ക ആയാലും അഡ്മിഷൻ ലഭിച്ചു എന്നുള്ള കത്ത് എനിക്ക് ലഭിച്ചു. വികാരി അച്ചനെ കാണിച്ചു സന്തോഷമായി. അങ്ങനെ ദീപ്തി സെമിനാരിയുടെ ആദ്യത്തെ ബാച്ചിൽ 36 പേരിലെ ഒരാളാകുവാനുള്ള ഭാഗ്യം ലഭിച്ചു. കെട്ടിട ത്തിന്റെ പണി നടക്കുന്നതേ ഉണ്ടായിരുന്നുള്ളു എന്നതിനാൽ ജൂൺ -ആഗസ്റ്റ് വീട്ടിൽ തന്നെ തുടരുവാനും, വികാരി അച്ചന്റെ പക്കൽനിന്നും ലാറ്റിൻ പഠിക്കാനും അധികാരികൾ ആവശ്യപ്പെട്ടു. ചിലപ്പോഴൊക്കെ ദീപ്തിയിൽ വന്ന് നില്ക്കാനും പറഞ്ഞു.

അങ്ങനെ വീട്ടിൽ സെമിനാരിക്കാരനായി ഇരിക്കുന്ന സമയ ത്താണ് ഒരു വൈദികൻ പെണ്ണ് കെട്ടിപോയി എന്നറിഞ്ഞത്. ഞാൻ സന്നിഗ്ദാവസ്ഥയിലായി. ഞാൻ അച്ചൻ ആയി കഴിഞ്ഞ് ഇങ്ങനെ എന്തെങ്കിലും സംഭവിച്ചാലോ...വേണ്ട ഞാൻ സെമിനാരിയിൽ പോകുന്നില്ല. വികാരി അച്ചനോട് ചോദിക്കാം എന്നുറപ്പിച്ച് പള്ളി മേടയിൽ ചെന്ന് കാര്യം പറഞ്ഞു. അച്ചൻ പറഞ്ഞു, എടോ, പെണ്ണ് കെട്ടാതെ അവസാനം വരെ ജീവിക്കാം എന്ന് താൻ തന്റെ ജീവിത ത്തിലൂടെ കാണിച്ചുകൊടുക്ക്. അത് വലിയ പ്രചോദനം ആയിരു ന്നു. പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം തേടി മുന്നോട്ട് തന്നെ പോകാൻ തീരുമാനിച്ചു. സെമിനാരിയിൽ എന്റെ സാമ്പത്തിക ബുദ്ധിമുട്ടുകളിൽ എന്നെ സഹായിച്ചത് എന്റെ വല്യപ്പന്റെ അനിയ നായിരുന്നു. അച്ചൻ ആകുന്നതു വരെ അതു തുടർന്നു.

### 3. ദൈവവിളിയിൽ ഉറച്ചു നില്ക്കാൻ പ്രത്യേകിച്ച് എന്തെങ്കിലും കാരണം?

1973 ൽ ഞാൻ രണ്ടാം വർഷ ഫിലോസഫി പഠിക്കുമ്പോ ഴാണ് എന്റെ ജീവിതത്തെ ഒന്ന് പിടിച്ച് കുലുക്കിയത്. എന്റെ അപ്പൻ ഒരു നല്ല കൃഷിക്കാരനും അദ്ധ്വാനിയും ആയിരുന്നു. ഒരു ദിവസം റബ്ബർ ടാപ്പിംഗ് കഴിഞ്ഞ് തിരിച്ചുവരുമ്പോൾ ഭയങ്കര വയറുവേദന അനുഭവപ്പെടുകയും ആശുപത്രിയിൽ എത്തിച്ച് പെട്ടന്നുതന്നെ ഓപ്പ റേഷനു വിധേയനാക്കുകയും ചെയ്തു. എങ്കിലും അപ്പന്റെ ജീവൻ നിലനിർത്താൻ അതിനു സാധിച്ചില്ല. അപ്പൻ മരിക്കുമ്പോൾ ഞാൻ മാത്രമേ അടുത്തുണ്ടായിരുന്നുള്ളു. അപ്പൻ സുഖമായി എന്ന വാർത്ത കേട്ടിരുന്ന വീട്ടിലേക്ക് അപ്പനെ പെട്ടിയിൽ കൊണ്ടുവന്നപ്പോൾ അവരുടെ കരച്ചിൽ എനിക്ക് മറക്കാൻ പറ്റുന്നില്ല. പള്ളിക്കാപറമ്പിൽ പിതാവുമായി എനിക്കു നല്ല അടുപ്പം ഉണ്ടായിരുന്നു. അദ്ദേഹം

എന്റെ റെക്ടർ ആയിരുന്നു. പിതാവിനെ ഞാൻ അപ്പന്റെ വിയോഗ ത്തെപ്പറ്റി അറിയിച്ചു. പിതാവ് പള്ളിയിലേക്ക് വരാം എന്ന് സമ്മദി ക്കുകയും, പിതാവ് വരികയും പള്ളിയിലെ കർമ്മങ്ങൾ നിർവ്വഹി ക്കുകയും ചെയ്തു. അത് എനിക്ക് വലിയ ആശ്വാസമായിരുന്നു. പിന്നീട് പലരും ഉപദേശിച്ചതനുസരിച്ച് 2 അല്ലെങ്കിൽ 3 വർഷം ബ്രേക്ക് എടുക്കാൻ ഞാൻ തീരുമാനിച്ചു. എന്റെ അപ്പൻ മരിക്കു മ്പോൾ എന്റെ ഇളയ പെങ്ങൾക്ക് മൂന്നര വയസ്സുമാത്രമേ പ്രായമു ള്ളു. അന്ന് എന്റെ വല്യമ്മ എന്നോട് ഒരു കാര്യം പറഞ്ഞു. എടാ, അന്ന് പിതാവ് പറഞ്ഞത് നീ കേട്ടില്ലായിരുന്നോ? കലപ്പയിൽ കൈവ ച്ചിട്ട് തിരിഞ്ഞ് നോക്കുന്നവർ എനിക്ക് യോഗ്യരല്ല. നിങ്ങളെല്ലാ വരും കറിയാച്ചനുവേണ്ടി പ്രാർത്ഥിക്കണം എന്ന്. നീ ധൈര്യമായി പൊയ്ക്കോ വീട്ടിലെ കാര്യങ്ങൾ ഞങ്ങൾ നോക്കികൊള്ളാം. പിതാ വിൽ നിന്ന് ലഭിച്ച ആ ആത്മവിശ്വാസം വലിയ ആശ്വാസവും പ്രചോ ദനവുമായി. പിന്നീടൊരിക്കലും എനിക്ക് തിരിഞ്ഞ് നോക്കേണ്ടി വന്നിട്ടില്ല.

### 4. അച്ചന്റെ വൈദിക ജീവിതത്തിന്റെ ആരംഭത്തെക്കുറിച്ച്

ഞങ്ങൾ പതിനൊന്നുപേർ ഒരുമിച്ചാണ് ഭരണങ്ങാനത്തുവച്ച് വൈദിക പട്ടം സ്വീകരിച്ചത്. വൈദികൻ ആയതിനുശേഷം ഉജ്ജൈനിൽ ജോലി ചെയ്യാനാണ് ഞാൻ ആഗ്രഹിച്ചത്. പ്രസംഗം ഒക്കെ ഹിന്ദിയിൽ ഒരുങ്ങുമായിരുന്നു. റീജെൻസി അവിടെ ചെയ്ത തിനാൽ അങ്ങോട്ട് ആഭിമുഖ്യം ഉണ്ടായിരുന്നു. എന്നാൽ ആ സമ യത്താണ് കർണ്ണാടകയിൽ മാണ്ഡ്യ മിഷൻ ആരംഭിക്കുന്നത്. അന്ന് ജനറാളായിരുന്ന കുര്യൻ വലിയമംഗലം അച്ചൻ എന്നെയും വെടി ക്കുന്നേലച്ചനെയും അങ്ങോട്ട് അസൈൻ ചെയ്തു. എന്നാൽ മാണ്ഡ്യയിൽ പോകുന്നതിനുമുൻപ് 3 മാസം കാഞ്ഞിരപ്പള്ളിയിലെ വെളിച്ചിയാനി ഇടവകയിലും, 9 മാസം മാനന്തവാടിയിലെ കൊട്ടി യൂർ ഇടവകയിലും സേവനമനുഷ്ഠിച്ചു.

### 5. മാണ്ഡ്യ മിഷനിലെ അനുഭവങ്ങളും ആരംഭത്തെക്കുറിച്ച്?

1981 ഫെബ്രുവരി 4 നാണ് ആദ്യമായി മാണ്ഡ്യ മിഷനിലേക്ക് പോകുന്നത് പൊട്ടനാനി അച്ചനും പുരയിടത്തിൽ അച്ചനും ആരം ഭിച്ച കാളനഹള്ളി സ്റ്റേഷനിലേക്കാണ് ആദ്യമായി പോകുന്നത്. അവിടെ എനിക്ക് പ്രത്യേകം അപ്പോയ്മെന്റ് ഇല്ലായിരുന്നു. അപ്പോൾ എന്നോട് പുതിയ മിഷൻ സ്റ്റേഷൻ കണ്ടുപിടിച്ച് തുട



ഞാൻ ആവശ്യപ്പെട്ടു സഹായത്തിനായി ഉപ്പൻമാക്കൽ അച്ചനും കൂടെ ഉണ്ടായിരുന്നു. നമ്മുടെ സേവനം കൂടുതൽ എവിടെയാണ് ആവശ്യം എന്നതാണ് ആദ്യം അന്വേഷിക്കുന്നത്. അങ്ങനെ ഒത്തിരി പരിശ്രമത്തിനുശേഷം പാണ്ഡവപൂർ റെയിൽവേ സ്റ്റേഷന്റെ അടുത്ത് ഒരു ചെറിയ വീട് വാടകയ്ക്ക് എടുത്തു. ടോയ്‌ലെറ്റ് സൗക ര്യങ്ങൾ ഒന്നും ഇല്ലായിരുന്നു. അര ഏക്കർ സ്ഥലം മൂന്നു മാസം കൊണ്ട് ഇരുന്നു തീർത്തു. അവിടെ നിന്നുകൊണ്ട് അടുത്ത സ്ഥലം അന്വേഷിക്കാൻ തുടങ്ങി. അവസാനം നാരായണപുര എന്ന സ്ഥലത്ത് ഞാനും ഉപ്പൻമാക്കൽ അച്ചനും ഒരു വീട് വാടകയ്ക്ക് എടുത്തു. എസ്. എച്ച് സിസ്റ്റേഴ്സിനെ സഹായത്തിനു കിട്ടി. ഒരു ഡിസ്പെൻസറി തുടങ്ങി. എന്നും വില്ലേജ് വിസിറ്റ് നടത്തുമായി രുന്നു. പല വലിയ ഹോസ്പിറ്റലുകളും കയറിയിറങ്ങി കിടപ്പിലായ ഒരു രോഗി നമ്മൾ കൊടുത്ത ഒരു കൊച്ച് മരുന്നുകൊണ്ട് സുഖം പ്രാപിച്ച് നമ്മുടെ അടുത്ത് നടന്നു വന്നത് വലിയ ഒരു സാക്ഷ്യം ആയിരുന്നു.

അവിടെ സ്ഥലം മേടിക്കാൻ ഒത്തിരിയേറെ നിയന്ത്രണങ്ങൾ ഉണ്ടായിരുന്നു. എങ്കിലും താല്കാലികമായി സൊസൈറ്റിയുടെ പേരിൽ സ്ഥലം രജിസ്റ്റർ ചെയ്തു. എന്നാൽ അവിടെ കൃഷി ഇറ ക്കിയിരുന്നവർ ഒരു കേസ് ഫയൽ ചെയ്തു. അതിനാൽ തന്നെ അവിടെ നിന്ന് പിന്നീട് തിരിച്ചുപോകേണ്ടി വന്നു. പന്ത്രണ്ട് വർഷ ങ്ങൾക്കുശേഷം ആ സ്ഥലം നമുക്ക് തിരിച്ചുകിട്ടിയെങ്കിലും നാം

അത് മറിച്ച് വിറ്റ് വേറെ മിഷൻ സ്റ്റേഷൻ തുടങ്ങുവാൻ ഉപയോഗിച്ചു. അവിടെ പിന്നീട് റാഗീ മുദ്ദനഹള്ളി എന്ന സ്ഥലത്തേയ്ക്ക് ഞാനും ജോണി കാര്യത്തിൽ അച്ചനും, സിസ്റ്റേഴ്സ് കൂടി പോവുകയും ഒരു മിഷൻ സ്റ്റേഷൻ ആരംഭിക്കുകയും ചെയ്തു.

**6. അച്ചന്റെ പഠനത്തെകുറിച്ച്?**

1989ൽ കന്നഡ ഭാഷയിൽ ബിരുദം എടുക്കാൻ അധികാരികൾ എന്നോട് ആവശ്യപ്പെട്ടു. ഫിലിപ്പിൻസിൽ പോയി പഠിക്കുവാൻ എനിക്ക് ഒരു അവസരം ലഭിച്ചിരുന്നു. എങ്കിലും ഇതാണ് കൂടുതൽ അഭികാമ്യം എന്ന് അധികാരികൾ ഉപദേശിച്ചപ്പോൾ അനുസരിച്ചു. അങ്ങനെ മലയാളിയായ ഞാൻ 36-ാം വയസ്സിൽ ഡിഗ്രി പഠിക്കാനായി മൈസൂർ യൂണിവേഴ്സിറ്റിയിൽ ചേർന്നു. ഒരു കണ്ടീഷൻ ഉണ്ടായിരുന്നു തോറ്റാൽ കോളേജിനെതിരെയോ, ടീച്ചേഴ്സിനെതിരെയോ കംപ്ലെയ്ന്റ് ഉണ്ടാകില്ല എന്നായിരുന്നു അത്. അവർക്ക് എന്നോട് ആദ്യം ഒരു മീച്ചം ഇല്ലായിരുന്നു. ഒന്നാം വർഷ പരീക്ഷയിൽ ഞാൻ എല്ലാത്തിനും വിജയിച്ചു. അവർക്ക് എന്നോട് ഒരു ചെറിയ ഇഷ്ടമൊക്കെ വന്നു തുടങ്ങി. 104 പേർ ആരംഭിച്ചതിൽ 62 പേർ ആണ് വർഷം പൂർത്തിയാക്കിയത്. വെറും അഞ്ചു പേർക്കാണ് ഫസ്റ്റ് ക്ലാസ് കിട്ടിയത്. മൂന്നു പെണ്ണും രണ്ടാണും. അതിൽ ഒന്ന് ഞാനായിരുന്നു. അതൊടൊപ്പം തന്നെ എം. എ യും ഞാൻ പൂർത്തീകരിച്ചു.

പഠനത്തിനുശേഷം മാണ്ഡ്യയിൽ തിരിച്ചെത്തി. വീണ്ടും ഒരു പുതിയ സ്റ്റേഷൻ തുടങ്ങണം എന്നാഗ്രഹിച്ച് യാത്ര തുടങ്ങി. അവസാനം രുദ്ര എന്ന സ്ഥലത്ത് ഒരു വാടകവീട് സംഘടിപ്പിച്ചു. സിസ്റ്റേഴ്സ് സഹായിക്കാൻ വന്നതോടെ ആ വീട് മാറികൊടുത്തു. വീണ്ടും അനാഥൻ. എന്റെ ദയനീയ അവസ്ഥ മനസ്സിലാക്കിയ ഒരു വീട്ടുകാർ അവരുടെ തൊഴുത്തിന്റെ ഒരു ഭാഗം എനിക്ക് കിടക്കാൻ തന്നു. ഫ്രാൻസിസ് പാപ്പ പറയുന്നതുപോലെ ആടുകളുടെ മണമറിയുന്ന



ഇടയൻ എന്നത് അന്ന് യാഥാർത്ഥ്യം ആയി. അവിടെ ഒരു ധ്യാന കേന്ദ്രം തുടങ്ങണം എന്ന് ഞാൻ അതിയായി ആഗ്രഹിച്ചു. ഞാൻ താമസിച്ചിരുന്ന വീടിന്റെ ഉടമസ്ഥൻ വലിയ രോഗം ബാധിച്ച് കിട പ്പിലായി. എല്ലാ ഹോസ്പിറ്റലുകളും ഉപേക്ഷിച്ച് മൂന്ന് ദിവസം മാത്രമേ ഇനി ജീവിച്ചിരിക്കൂ എന്ന് വിധിയെഴുതി. എന്റെ ആയുസ് അല്പം കൂടി നീട്ടിതരാൻ പ്രാർത്ഥിക്കണേ എന്ന് അദ്ദേഹം എന്നോട് പറയുമായിരുന്നു. ആ സമയത്ത് ഞാൻ 27 പേരടങ്ങുന്ന വൈദികരേയും സിസ്റ്റേഴ്സിനെയും കന്നഡ പഠിപ്പിക്കുന്നുണ്ടായി രുന്നു. പിറ്റേദിവസം ഞങ്ങളെല്ലാവരും ഒരുമിച്ച് ആ മനുഷ്യനെ കാണാൻ വന്നു, പ്രാർത്ഥിച്ചു. മറ്റുള്ളവർക്ക് ഒരു സാക്ഷ്യത്തിനായി മൂന്ന് മാസമെങ്കിലും ആ മനുഷ്യന് ആയുസ് കൊടുക്കണേ എന്നാ യിരുന്നു എന്റെ പ്രാർത്ഥന. ദൈവകൃപ എന്നു പറയട്ടെ, ആറ് മാസം കഴിഞ്ഞ് ഒരു അസുഖം വന്നാണ് അദ്ദേഹം മരിക്കുന്നത്. സ്ഥലക ച്ചവടവും മരം മുറിയും ഒക്കെ അനുഭവമായിരുന്നു, സാക്ഷ്യമായി രുന്നു. ഇദ്ദേഹം മരിച്ചുകഴിയുമ്പോൾ ദഹിപ്പിക്കാൻ വിറക് പോലും വീട്ടുകാർ തയാറാക്കി വച്ചിരുന്നു. ഒന്ന് രണ്ട് പ്രോജക്ട് എഴുതി യെങ്കിലും കിട്ടാത്തതിനാൽ ധ്യാനകേന്ദ്രം തുടങ്ങാൻ സാധിച്ചില്ല. പിന്നീട് 1998 എം. എസ്. റ്റി യുടെ ജനറൽ ഇലക്ഷനിൽ വൈസ് ജനറാൾ ഫസ്റ്റ് കൗൺസിലർ ആയി തിരഞ്ഞെടുക്കപ്പെട്ടതിനാൽ ദീപ്തിയിലേക്ക് പോവുകയും ചെയ്തു.

**7. അച്ചൻ ആദ്യമായി ധ്യാന, വിടുതൽ ശുശ്രൂഷയിലേക്ക് കട ന്നുവന്ന സാഹചര്യം?**



1996 ലാണ് കരിസ്മാറ്റിക് ധ്യാനത്തോട് താല്പര്യം ഉദിച്ചത്. ഒരു പ്രത്യേക കാരണം ഉണ്ടായിരുന്നു. എന്റെ അമ്മ 1996 ൽ ആണ് മരിക്കുന്നത്. ഇതിന് മുമ്പ് ഞാൻ പോട്ടയിൽ ഒരു ധ്യാനത്തിൽ പങ്കെടുത്തിരുന്നു. എന്റെ മനസ്സിൽ ഉറച്ചിരുന്നു കൗൺസിലർ എന്നെക്കുറിച്ചുള്ള കാര്യങ്ങൾ ഞാൻ പറയാതെ എനിക്ക് വെളി പ്പെടുത്തിയാൽ മാത്രമേ ഞാൻ വിശ്വസിക്കു എന്ന്. അദ്ദേഹം പറ ഞ്ഞതെല്ലാം ശരിയായിരുന്നു. അവസാനം അദ്ദേഹം എന്നോട് പറ ഞ്ഞു, അച്ചൻ ഇവിടം വരെ വന്നതല്ലേ, അമ്മയെ ഒന്ന് കണ്ടിട്ട് പൊയ്ക്കോളു, ഇത് 1996 ജനുവരി 27 ന് ആയിരുന്നു. ഞാൻ അദ്ദേ ഹത്തോട് അടുത്തമാസം അതായത് ഫെബ്രുവരി 24-ാം തീയതി വീട്ടിൽ പോകുന്നുണ്ട് എന്ന് പറഞ്ഞു. അദ്ദേഹം വീണ്ടും പറഞ്ഞു. അടുത്തമാസം വരാൻ ഉള്ളതുകൊണ്ട് ഞാൻ പോയില്ല. ഞങ്ങൾ തിരിച്ച് മാണ്ഡ്യയിലേക്ക് പോവുകയും ചെയ്തു. എന്നാൽ ഫെബ്രു വരി 16-ാം തീയതി എന്റെ അമ്മ ഭാഗ്യമരണം പ്രാപിച്ചു. വാസ്തവ ത്തിൽ ഈ സന്ദേശം അദ്ദേഹത്തിന് ലഭിച്ചിരുന്നു. കൗൺസിലിം ങ്ങിൽ മരണ കാര്യങ്ങൾ വെളിപ്പെടുത്താൻ സാധിക്കാത്തതിനാൽ അദ്ദേഹം അത് പറഞ്ഞില്ലെന്ന് മാത്രം. അവിടെ വച്ചാണ് ആദ്യ മായി എനിക്ക് വചനപ്രഘോഷണത്തിന്റെയും, വിടുതൽ ശുശ്രൂഷ യുടെയും, ഭൂതോച്ഛാടനത്തിന്റെയും വരങ്ങൾ ഉള്ളതായി വെളി പ്പെടുന്നത്. അതിന് ശേഷം പല ധ്യാനങ്ങളിലും പങ്കെടുത്തു. അവി ടെയെല്ലാം അച്ചൻ പറഞ്ഞ ഈ വരങ്ങൾ ഉപയോഗിക്കണം എന്ന് പറഞ്ഞു. അങ്ങനെ ധ്യാനത്തിന്റെ മേഖലയിലേക്ക് പ്രവേശിക്കു കയും ചെയ്തു.

### 8. അച്ചന്റെ ആദ്യത്തെ അനുഭവം എങ്ങനെ ആയിരുന്നു?

ബാഗ്ലൂരിൽ റിന്യൂവൽ റിട്രീറ്റ് സെന്ററിൽ വച്ച് കന്നഡ ധ്യാനം നടത്തുമ്പോഴാണ് ആദ്യ അനുഭവം ഉണ്ടാകുന്നത്. പിശാച് ബാദി തയായ ഒരു സ്ത്രീയെ ധ്യാന അവസരത്തിൽ സുഖപ്പെടുത്തി. അവിടെ ഭൂതോച്ഛാടനം നടത്താൻ ഒരു അച്ചൻ വരുമായിരുന്നു. എല്ലാവരും അച്ചന്റെ മുറിയുടെ മുന്നിൽ നിരനിരയായി നിൽപ്പുറ പ്പിച്ചു. ഒരു ചേട്ടൻ എന്റെ അടുക്കൽ വന്ന് കണ്ട് കൈവച്ച് പ്രാർത്ഥി ക്കാൻ ആവശ്യപ്പെട്ടു. മറ്റേ അച്ചന്റെ അടുത്ത് പോകുന്നില്ലേ എന്ന ചോദ്യത്തിന് അച്ചൻ ചുമ്മാ ഒന്ന് പ്രാർത്ഥിച്ചാൽ മതി എന്നായിരു ന്നു ഉത്തരം. ഞാൻ കൈ വച്ച് പ്രാർത്ഥിച്ചതും തെങ്ങ് വെട്ടിയിട്ട

തുപോലെ ചേട്ടൻ ദാ നിലത്ത്. അത് ഒരു ഹാളിൽ വച്ചായതു കൊണ്ട് എല്ലാവരും കാണുകയും ചെയ്തു. എഴുന്നേറ്റുവന്ന ആ മനുഷ്യൻ ചോദിച്ചു, ഇവിടെയുള്ള അച്ചന്മാരെല്ലാം പിശാചുപിടു ത്തക്കാരാണോ? അതോടുകൂടി എനിക്ക് gift of deliverance ഉണ്ട് എന്ന് മനസ്സിലായി. ഒന്ന് രണ്ട് തവണ ശാരീരിക പീഡനത്തിലൂടെ പിശാചുക്കളെ ഞാൻ ബഹിഷ്കരിച്ചു. പിന്നീട് എനിക്ക് ബോധ്യ മായി അടിയും തൊഴിയും ഒന്നുമല്ല, ദൈവത്തിന്റെ വചനമാണ് ഒരുവനെ ശുദ്ധനാക്കുന്നത് എന്ന്. അന്നു മുതൽ ഹന്നാൻ വെള്ളം, കുന്തുരുക്കം, എണ്ണ, മെഴുകുതിരി ഇവ നല്കിയാണ് ഞാൻ പ്രാർത്ഥി ക്കുന്നത്.

## 9. തപസ്സ് ധ്യാനത്തിലേക്ക് കടന്നുവന്നതിനെകുറിച്ച്?

ബാഗ്ലൂരിൽ വച്ചാണ് തപസ്സ് ധ്യാനം അഥവ ഉപവാസ ധ്യാനം ആരംഭിക്കുന്നത്. ഇത് വളരെ അനുഭവേദ്യമായിരുന്നു. പ്രാർത്ഥന തിന്മയുടെമേൽ ആധിപത്യം ഉണ്ടാക്കുന്നു എന്നത് ഇതിലൂടെ എനിക്ക് ബോധ്യമായി. നേരത്തെ പറഞ്ഞ മൂന്നു വരങ്ങളും എനിക്ക് മനസ്സിലായതോടെ വിടുതൽ ശുശ്രൂഷക്കും രോഗശാന്തിക്കും കൂടു തൽ പ്രാധാന്യം നൽകാൻ തുടങ്ങി എങ്കിലും എനിക്കിതെല്ലാം ഉണ്ട് എന്ന് ഞാൻ ഒരിക്കൽപോലും അഹങ്കരിച്ചിട്ടില്ല. കർത്താവ് തരുന്നു, അത് ഞാൻ മറ്റുള്ളവർക്ക് കൊടുക്കുന്നു. യാതൊരു പ്രതി ഫലേഛയും ഇല്ലാതെ, എനിക്കറിയാം എപ്പോഴെങ്കിലും ഞാൻ ഇവ യെക്കുറിച്ച് അഹങ്കരിച്ചിട്ടുണ്ടെങ്കിൽ ഇവ എനിക്ക് കുറഞ്ഞുപോ കുമെന്ന്.

രണ്ട് വർഷം കൂടുമ്പോഴൊക്കയാണ് ഞാൻ വീട്ടിൽ പൊയ്ക്കൊണ്ടിരുന്നത്. അമ്മയുടെ അസുഖം കൂടിയപ്പോൾ രണ്ട് മാസം കൂടുമ്പോൾ ഞാൻ വീട്ടിൽ അമ്മയെ കാണാൻ പോകുമാ യിരുന്നു. ഒരു ദിവസം അമ്മ എന്നോട് പറഞ്ഞു, മോനെ നിന്റെ കൈയിൽ കാശില്ല എന്നെനിക്കറിയാം. നി അവിടെ നിന്ന് ഇവിടെ വരാൻ ഒത്തിരി പണചെലവുണ്ടെന്നുമെനിക്കറിയാം അതുകൊണ്ട് സഭയുടെ പണം മോഷ്ടിച്ചാണ് നീ ഇവിടെ വരുന്നതെങ്കിൽ ഇനി നീ എന്നെ കാണാൻ വരണ്ട കേട്ടോ. ഞാൻ പറഞ്ഞു, അമ്മേ എന്റെ ജീവൻ പോയിട്ടാണെങ്കിലും ഞാൻ അത് ചെയ്യില്ല. സഭയുടെ പണം മോഷ്ടിച്ച് ഞാൻ അമ്മയെ കാണാൻ വരികയും ഇല്ല. അവസാനം കാണാനും പറ്റിയില്ല, മരിക്കുകയും ചെയ്തു.

ദീപ്തിയിൽ ആയിരിക്കുമ്പോൾ പോലും എല്ലാ മാസവും ബാഗ്ലൂരിൽ ഞാൻ ധ്യാനിപ്പിക്കാൻ പോകുമായിരുന്നു. ആ സമയത്ത് കേരളത്തിലും പലയിടത്തും ധ്യാനശുശ്രൂഷകൾ ചെയ്യാൻ അവസരം ലഭിച്ചിട്ടുണ്ട്. പിന്നീട് 2006 ജനുവരിയിൽ ആണ് കണ്ണൂർ പരിയാരത്തുള്ള എം. എസ്. റ്റിയുടെ സാന്തോം ബൈബിൾ സെന്ററിലേക്ക് കടന്നുവരുന്നത്. ഇവിടെ നിന്നുകൊണ്ട് പല സ്ഥലങ്ങളിലും ധ്യാനിപ്പിക്കുവാൻ പോകുമായിരുന്നു. ഒത്തിരിയേറെപ്പേർ ഇവിടെ വിടുതൽ ശുശ്രൂഷക്കും ഭൂതോച്ചാടനത്തിനും വേണ്ടി ഇവിടെ വരുന്നുണ്ട്, പ്രാർത്ഥിക്കുന്നുണ്ട്. സൗഖ്യമുള്ളവരായി തിരിച്ചുപോകുന്നു. ഞാൻ ദൈവത്തിന് നന്ദി പറയുന്നു. അങ്ങനെ 2017 ഒക്ടോബർ 1 ന് സെന്റ് മൈക്കിൾ പ്രയർ സെന്റർ എന്ന പേരിൽ ഒരു പ്രാർത്ഥന കേന്ദ്രം തുടങ്ങുവാൻ ദൈവം അനുവദിച്ചു. ഇപ്പോൾ ഇവിടെ വച്ചാണ് പ്രാർത്ഥനാശുശ്രൂഷകൾ നടത്തുന്നത്.

**10. അച്ചന്റെ മിഷൻ പ്രവർത്തനങ്ങളുടെയും അനുഭവങ്ങളുടെയും വെളിച്ചത്തിൽ സാന്തോം ഫെലോഷിപ്പ് അംഗങ്ങളോട് പറയാനുള്ളത്?**

1 തിമോ. 2:1-5 വാക്യങ്ങളിൽ പറയുന്നതുപോലെ എല്ലാവർക്കും വേണ്ടി അപേക്ഷകളും യാചനകളും മദ്ധ്യസ്ഥ പ്രാർത്ഥനകളും നാം അർപ്പിക്കണം. പ്രവർത്തനങ്ങളുടെ ഫലമുണ്ടാകേണ്ടതിന് മിഷനറിമാർക്ക് നിങ്ങൾ നൽകാൻ സാധിക്കുന്ന ഏറ്റവും വലിയ സഹായം പ്രാർത്ഥനയാണ് Acts 12 :1-7 പറയുന്നതുപോലെ പത്രോസ് ബന്ധനസ്ഥനായപ്പോൾ പുറത്തു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അവന്റെ ചങ്ങലകൾ അഴിക്കപ്പെട്ടു. നിങ്ങൾ വൈദികർക്ക് വേണ്ടി പ്രാർത്ഥിക്കണം. നിങ്ങളുടെ വികാരിയച്ചനുവേണ്ടി പ്രാർത്ഥിക്കുമ്പോൾ നിങ്ങൾക്ക് കുർബാനയിൽ പങ്കെടുക്കാൻ സാധിച്ചില്ലെങ്കിൽ പോലും അവർചൊല്ലുന്ന കുർബാനയിൽ നിന്ന് അതിന്റെ അഭിഷേകം നിങ്ങൾക്ക് ലഭിക്കും. സാമ്പത്തികമായി സഹായിക്കാൻ പറ്റുമെങ്കിൽ സഹായിക്കുക. നിങ്ങളുടെ കുടുംബത്തിന് ഒരു കുറവും സംഭവിക്കില്ല. ഞാൻ ഓർക്കുന്നു Narayanapura ആയിരുന്നപ്പോൾ 2 കമ്പിളി പുതപ്പ് മേടിക്കാനുള്ള പണം ഒരു ഇടവകയിൽ നിന്നാണ് അയച്ചുതന്നത്. ഒരു സൈക്കിൾ മേടിക്കാനുള്ള പണം സക്രാരി, ഇതെല്ലം ഓരോ വ്യക്തികൾ സഹായിക്കുമായിരുന്നു. അതിനാൽ അന്നുമുതലേ പരോക്ഷമായി ഒരു ഫെലോഷി

പ്പ് രൂപപ്പെട്ടിരുന്നു. പിന്നെ മറ്റു പലർക്കും വിടുതൽ ശുശ്രൂഷയെ കുറിച്ച് ഒരു തെറ്റിദ്ധാരണയുണ്ട് ഇത് പിശാച് പിടുത്തം ആണെന്ന് ഇത് പിശാച് പിടുത്തം അല്ല പിശാചിനെ ബഹിഷ്കരിക്കുകയാണ്. മനുഷ്യനെ പിടിക്കുക പിശാചിനെ ബഹിഷ്കരിക്കുക. പിശാച് അശരീരി ആണല്ലോ.

**11. പലരും വിശ്വസിക്കാത്ത അംഗീകരിക്കാത്ത ഒരു മേഘലയാണല്ലോ ഭൂതോച്ചാടനം അവരോട് അച്ചന് പറയാനുള്ളത്?**

ശരിക്കും സുവിശേഷം മനസിലാക്കുകയാണെങ്കിൽ നമുക്ക് വിശ്വസിക്കാതിരിക്കാൻ സാധിക്കുകയില്ല. Mk 3:13-15 കൂടെ ആയിരിക്കുവാനും പിശാചിനെ ബഹിഷ്കരിക്കുവാനുമുള്ള അധികാരവുമാണ് ഈ 12 അപ്പോസ്തോലന്മാർക്കു നൽകിയത്. ഈശോ തന്നെ പറയുന്നുണ്ടല്ലോ പിശാചു ഉണ്ടെന്ന് സഭയുടെ പഠനങ്ങളിലും മാർപാപ്പാമാരുടെ പ്രബോധനങ്ങളിലും ഇത് വ്യക്തമാണല്ലോ പൂർണമായ ബോധ്യത്തിലേക്ക് കടന്നുവരുവാൻ ഒന്നുകിൽ സ്വന്തമായി വിടുതൽ അനുഭവം ഉണ്ടാവണം അല്ലെങ്കിൽ കണ്ട് ബോധ്യപ്പെടണം.

ഈ വരങ്ങൾ എല്ലാവർക്കും തന്നെയുണ്ട്. നമുക്ക് ആത്മവിശ്വാസം വേണം. ഈശോ പറയുന്നു എന്റെ നാമത്തിൽ പിശാചുക്കളെ ബഹിഷ്കരിക്കും രോഗികളെ സുഖപ്പെടുത്തും എന്നാൽ ഭൂതോച്ചാടനം നടത്തുവാൻ കാനോൻ നിയമം അനുസരിച്ചുള്ള സഭയുടെ അനുവാദം ലഭിക്കണം. ബുദ്ധിമുട്ടായി കടന്നുവരുന്നവരെല്ലാം പിശാചുബാധിതർ അല്ല. പൈശാചിക പീഡനം, ആവാസം, ഓപ്പറേഷൻ, ഒബ്സെഷൻ, ഇങ്ങനെ അറിയപ്പെടുന്ന സ്ഥലത്തിലാണെങ്കിൽ ഇൻവെസ്റ്റേഷൻ എന്ന് പറയുന്നു. വീട്, വസ്തുക്കൾ, puppets രോഗങ്ങൾ പിശാച് വരുത്തുന്ന രോഗങ്ങളാണ് സ്കാൻ ചെയ്യുമ്പോൾ ഒന്നുമില്ലതാനും. ഈ വിടുതലിന്റെ മാർഗമെന്ന് പറയുന്നത്. ആദ്യം അനുതാപം, കുമ്പസാരം, സ്തുതിപ്പ്, ഡെലിവെറൻസിനു വേണ്ടി പ്രാർത്ഥിക്കുക. തിരിച്ചുവരാതിരിക്കുവാൻ വേണ്ടി കല്പിക്കുക. ഇത്രയും കാര്യങ്ങളാണ് ചെയുന്നത്. 2015 ലാണ് എനിക്ക് ഭൂതോച്ചാടനത്തിനുള്ള അനുമതി ലഭിക്കുന്നത് എനിക്ക് ഒരു വീട്ടിൽ പോയി പ്രാർത്ഥിക്കാം വെഞ്ചിരിക്കണമെങ്കിൽ വികാരിയച്ചന്റെ അനുവാദം വേണം Exorcism ചെയ്യാൻ രൂപതയിൽ നിന്ന് അനുവാദം വേണം ഇവിടെ വലിയ വെല്ലുവിളി എന്ന് പറയുന്നത്

ഇത് വെറും തട്ടിപ്പാണ് പിശാച് എന്നൊക്കെ പറഞ്ഞ മറ്റുള്ളവരെ വിഘടിപ്പിക്കുന്നതാണ് ഇത്. ഇത് പിശാചിന്റെ പ്രവർത്തനമാണ്. കാരണം പിശാചിന്റെ പേരിന്റെ അർഥം തന്നെ ഡിവിഷൻ ആണല്ലോ. അവൻ അനൈക്യം ഉണ്ടാക്കും എന്നാൽ നമ്മൾ ഈ മേഖലയിൽ പ്രാധാന്യം കൊടുത്തു പ്രാർത്ഥിച്ചാൽ ഒത്തിരിപേരെ രക്ഷിക്കുവാൻ സാധിക്കും. ഇത് നമ്മൾ ചെയ്യാത്തതുകൊണ്ടാണ് ഒത്തിരി പേര് മന്ത്രവാദത്തിനും കൂടോത്രത്തിനും പോകുന്നത്. ഇവിടെ വന്ന് പ്രാർത്ഥിച്ച ഒത്തിരി പേർക്ക് വിടുതൽ ലഭിക്കുന്നുണ്ട്. വർഷങ്ങളായി കുഞ്ഞുങ്ങൾ ഇല്ലാത്തവർക്ക് കുഞ്ഞുങ്ങൾ ലഭിച്ചു എന്ന് അവർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും ഞാൻ ഇവയെകുറിച്ചൊന്നും അഹങ്കരിച്ചിട്ടില്ല. പത്രോസ് പറയുന്നില്ലേ സ്വർണമോ വെള്ളിയോ ഞങ്ങൾക്കില്ല ഉള്ളത് പരിശുദ്ധാത്മാവാണ്. ആ നാമത്തിൽ നീ എഴുന്നേറ്റ് നടക്കുക. അത്രമാത്രം. പിന്നെ ഞാൻ വളർന്നുവന്ന സാഹചര്യങ്ങൾ ഒത്തിരി ചുരുങ്ങിയതായിരുന്നു. എങ്കിലും അവയെകുറിച്ചു ഒരിക്കൽപോലും ഒരു പരാതിയും ഇതുവരെ പറഞ്ഞിട്ടില്ല. എങ്കിലും എല്ലാം എനിക്ക് നൽകിയിട്ടുണ്ട്. ഒന്നും ഞാൻ ആഗ്രഹിക്കാതെ എനിക്ക് ലഭിച്ചതാണ്. കോളേജിൽ പോയി പഠിക്കാനോ അധികാര സ്ഥാനത്തേക്ക് വരുവാനോ ധ്യാനഗുരു ആകുവാനോ ഞാൻ ആഗ്രഹിച്ചിട്ടില്ല. ദൈവം എന്നെ ഉപകരണം ആക്കി എന്ന് മാത്രം. ഞാൻ ദൈവ കരങ്ങളിലെ കളിമണ്ണുമാത്രമാണ് അവന്റെ ഇഷ്ടത്തിന് എന്നെ മെനഞ്ഞെടുക്കുന്നു. അത്രമാത്രം.

Santhome Fellowship vol. 11 No. 3 Mission Sunday 2021 25 ₹

# MST പ്രേഷിത വഴികളിലൂടെ...

